# ഭാഗം 13 കഥാസാഹിത്യം

ഉള്ളടക്കം

13.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
13.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 ദാഹിക്കുന്ന നാഗങ്ങൾക്ക് ഒരു തുള്ളൽ
13.2 പാഠസംഗ്രഹം
13.3 പദാർത്ഥബോധനം
പുരോഗതി സ്വയം പരിശോധിക്കുക-1
13.4 വിഷയാവതരണവും പാഠഭാഗവും
പാഠം-2 പ്രകാശം പരത്തുന്ന പെൺകുട്ടി
13.5 പാഠസംഗ്രഹം
13.6 പദാർത്ഥബോധനം
പുരോഗതി സ്വയം പരിശോധിക്കുക-2
13.7 പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം

## 13.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

ആധുനിക കാലഘട്ടത്തിലെ സംപന്നമായ സാഹിത്യശാഖകളാണ് ചെറുകഥയും നോവലും. ചെറുകഥ 'ഷോർട്ട് സ്റേറാറി' എന്ന ഇംഗ്ളീഷ് പദത്തിൻെറ പരിഭാഷയാണ്. ഇംഗ്ളീഷിലുള്ള 'നോവൽ' മലയാളസാഹിത്യകാരന്മാർ അതേപടി സ്വീകരിച്ചു. പക്ഷെ 'ആഖ്യായിക' എന്നൊരു വാക്ക് കൂടി പ്രചാരത്തിലുണ്ട്. ചെറുകഥയും നോവലും സമാഹരിച്ച് പറയുമ്പോൾ കഥാസാഹിത്യം എന്ന് പറയാറുണ്ട്. ഇത് ഫിക്ഷൻ എന്ന ഇംഗ്ളീഷ് സംജ്ഞയ്ക്ക് സമാനമായ പദമാണ്. ഭാരതം കഥാസാഹിത്യത്തിന് പേർപെററ നാടാണ്. പഞ്ചതന്ത്രം, ബൃഹത്കഥ, കഥാസരിത്സാഗരം, ദശകുമാരചരിതം, ഹർഷചരിതം, കാദംബരി എന്നിങ്ങനെ വിശ്വപ്രസിദ്ധമായ കഥാസാഹിത്യത്തിൻെറ പേരിൽ ഭാരതീയർ ഊററംകൊള്ളാറുണ്ട്. നിരതിശയമായ വർണ്ണനകളും, അസാധാരണമായ ആഖ്യാനപാടവും, അത്ഭുതകരമായ പാത്രസൃഷ്ടിവൈഭവവും, ഉദാത്തമായ ജീവിത ദർശനവും ആകൃതികളിലൊക്കെത്തന്നെ കാണാവുന്നതാണ്. എന്നിട്ടും പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യപാദത്തിൽ കഥാസാഹിത്യരംഗത്തേയ്ക്ക് കടന്നുവന്ന മലയാളികൾ ഈ അസുലഭ പ്രതിഭകളിൽനിന്നല്ല പ്രേരണയുൾക്കൊണ്ടത്; ഇംഗ്ളീഷിൽ രചിച്ച കഥാസാഹിത്യത്തിൽ നിന്നും ഇംഗ്ളീഷിലൂടെ ലഭിച്ച ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ എന്നീ ഭാഷകളിലെ കഥാസാഹിത്യത്തിൽ നിന്നുമാണ്. മലയാളികളെ സംബന്ധിച്ചിടത്തോളം തികച്ചും നൂതനമായ സാഹിത്യരൂപങ്ങളായിരുന്നു ചെറുകഥവും നോവലും.

ഓരോ വ്യക്തിക്കും ദേശത്തിനും കഥയുണ്ട്. പക്ഷെ അവയൊന്നും തനതു രൂപത്തിൽ കഥയോ നോവലോ ആവില്ല. കഥയും നോവലും കലാസൃഷ്ടികളാണ്. അവയ്ക്ക് തനതായ രൂപശില്പങ്ങളുണ്ട്. വ്യാകരണശുദ്ധമായ ഭാഷയിൽ ഒരു വ്യക്തിയുടെ കഥ ചുരുക്കി പറയുകയോ, വിസ്തരിച്ചു പറയുകയോ ചെയ്താൽ

കഥയോ നോവലോ ആവില്ല. പ്രതിഭാസംപന്നനായ ഒരു എഴുത്തുകാരന്റെ ആത്മാവിഷ്കാരമാകുമ്പോഴാണ് കഥയും നോവലും സഹൃദയരുടെ ശ്രദ്ധ പിടിച്ചു പററുന്നത്. മനുഷ്യന്റെ കഥാശ്രവണത്തിനുള്ള ആദിമവാസനയെ പരമാവധി ചൂഷണം ചെയ്ത് ഒരു വ്യക്തിയുടെ കേവലമായ ഒരു അനുഭവത്തെ ഗദ്യത്തിലുള്ള വാങ്മയചിത്രവും, സംവേദനക്ഷമമായ ഒരു മാധ്യമവും ആക്കി മാററുമ്പോഴാണ് ചെറുകഥ ആസ്വാദ്യമായിത്തീരുന്നത്. ഒരു വ്യക്തിയുടെയോ, സമൂഹത്തിന്റെയോ ജീവിതാനുഭവങ്ങൾ വിശാലമായ സാമൂഹ്യ പശ്ചാത്തലത്തിൽ, നാനാഭാവ സമഞ്ജസമായി വ്യക്തിമനസ്സിലൂടെയോ, സ്മൃതികളിലൂടെയോ, സംഭവ പരമ്പരകളുടെ വിവരണങ്ങളിലൂടെയോ ഗദ്യഭാഷയിൽ ആവിഷ്ക്കരിക്കുമ്പോൾ ഒരു നോവൽ സാഹിത്യസൃഷ്ടിയായിത്തീരുന്നു. ചെറുകഥയെ കേസരി ബാലകൃഷ്ണപിള്ള നിർവചിച്ചിരിക്കുന്നതിങ്ങനെയാണ്. ''ജീവിതത്തിലെ ഒരു സംഭവത്തിന്റെയോ, രംഗത്തിന്റെയോ, ഭാവത്തിന്റെയോ ഗദ്യത്തിലുള്ള ഒരു ചിത്രമാണ് ചെറുകഥ''. ഒരു ചെറുകഥയ്ക്ക് പ്ളാട്ട് അഥവാ ഇതിവൃത്തം, പാത്രങ്ങൾ, വർണ്ണന, സംഭാഷണം എന്ന് നാല് ഘടകങ്ങളുണ്ട്. ഇത് നോവലിനും ബാധകമാണ്. ചെറുകഥ നോവലിൽനിന്നും വ്യസ്തമാകുന്നത് അതിന്റെ ഏകാഗ്രത കൊണ്ടാണ്. മാനവസ്വഭാവത്തിന്റെ സൂക്ഷ്മാതിസൂക്ഷ്മവശങ്ങളെ ചിത്രീകരിക്കാനുള്ള എഴുത്തുകാരന്റെ കഴിവിന്റെ ഫലമായുണ്ടാകുന്ന പാത്രസൃഷ്ടികൊണ്ടാണ് ഒരു നോവലിസ്ററ് ശ്രദ്ധേയനാകുന്നത്. വർണ്ണ്യവസ്തുവിന് പ്രാധാന്യം കൊടുക്കുന്ന എഴുത്തുകാർ റിയലിസ്ററുകൾ അഥവാ യാഥാർത്ഥ്യവാദികളായിത്തീരുന്നു. വർണ്ണനയിൽ തന്റെ വികാരത്തിനാണ് പ്രാധാന്യം കല്പിക്കുന്നതെങ്കിൽ അയാൾ റൊമാൻറിക് അഥവാ കാല്പനിക വ്യക്തിയായി പരിഗണിക്കപ്പെടുന്നു. ആധുനിക കാലഘട്ടത്തിൽ നോവൽ ഒരു ഇതിഹാസത്തിന്റെയോ മഹാകാവ്യത്തിന്റെയോ ധർമ്മമാണ് നിർവ്വഹിക്കുന്നത്. ചെറുകഥയാവട്ടെ ഒരു ഭാവഗീതത്തിന്റെയും. ചെറുകഥയ്ക്ക് പരമപ്രധാനമായ ഒരു മുഹൂർത്തമുണ്ട്. മററെല്ലാ സംഭവങ്ങളും വർണ്ണനകളും അതിന് വശപ്പെട്ടിരിക്കുന്നു. മനസ്സിനെ ഹഠാദാകർഷിക്കുന്ന വിധത്തിൽ കഥയുടെ ആദ്യവാക്യമെഴുതാൻ കഴിയുന്നവരാണ് ചെറുകഥാശില്പികൾ. ആദിമധ്യാന്തയുക്തമായോ, ശ്ളഥബന്ധമായോ നോവലും കഥയും എഴുതാവുന്നതാണ്. ചെറുകഥയിലെ സംഭവങ്ങൾ ഓരോന്നും മുറിയാത്ത ഒരിഴപോലെ പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടിരിക്കണം. നോവലിൽ അങ്ങനെ വേണമെന്ന് നിർബന്ധവുമില്ല. സ്ഥലകാലക്രിയാംശങ്ങളെ സംബന്ധിച്ച ഐക്യം നോവലിന് വേണമെന്നില്ല. ഒരു ചെറുകഥയ്ക്കാവട്ടെ അത് അനിവാര്യവുമത്രേ. ചേക്കോവും, മോപ്പസാങ്ങും, ടോൾസ്ററോയിയും, ബൽസാക്കും, ജെയിംസ് ജോയ്സും, ഓ ഹെൻറിയും, കാമുവും, കാഫ്കേയും, സാത്രും എല്ലാം മലയാളത്തിലെ കഥാസാഹിത്യകാരന്മാർക്ക് പ്രിയങ്കരന്മാരാണ്.

വേങ്ങയിൽ കുഞ്ഞുരാമൻ നായനാർ, കുഞ്ഞുകൃഷ്ണമേനോൻ തുടങ്ങിയവരാണ് മലയാള ചെറുകഥാ സാഹിത്യത്തിലെ മുൻഗാമികൾ. അപ്പു നെടുങ്ങാടിയുടെ 'കുന്ദലത' യാണ് മലയാളത്തിലെ ആദ്യനോവലായി കണക്കാക്കപ്പെട്ടിട്ടുള്ളത്. കാരൂരും, തകഴിയും, ദേവും, ബഷീറും, പൊററക്കാടും, പി.സി.കുട്ടികൃഷ്ണനും, എം.ടി. വാസുദേവൻ നായരും, മാധവിക്കുട്ടിയും, കാക്കനാടനും, വിജയനും, മുകുന്ദനും, പത്മനാഭനും, സക്കറിയയുമൊക്കെയാണ് മലയാളകഥാസാഹിത്യത്തിന് കരുത്തും കാന്തിയും നൽകിയവർ. ജീവിതാനുഭവങ്ങളുടെ ഏതു തലത്തേയും ആവിഷ്കരിക്കുവാൻ മലയാളഗദ്യത്തിന് കഴിയുമെന്ന് ഇക്കൂട്ടർ തെളിയിച്ചിട്ടുണ്ട്. എം.ടി. വാസുദേവൻ നായരുടെ 'നാലുകെട്ട്'' എന്ന നോവലിൽ നിന്നെടുത്ത ഒരു ഭാഗവും, ടി. പത്മനാഭന്റെ 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന കഥയും ഇവിടെ പാഠ്യവിഷയമാക്കിയിരിക്കുന്നു. കഥയിലും നോവലിലും മലയാളഭാഷ എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്ന് മനസ്സിലാക്കി കൊടുക്കയും, കഥാ സാഹിത്യമാസ്വദിക്കാനുള്ള കഴിവ് ഉണ്ടാക്കി കൊടുക്കുകയും മുഖ്യമായ ഉദ്ദേശ്യമാകുന്നു.

## 13.1 വിഷയാവതരണം

മലയാളത്തിലെ കഥാസാഹിത്യത്തിന്റെ നവോത്ഥാനം എം.ടി. വാസുദേവൻനായരിൽ നിന്നും തുടങ്ങുന്നുവെന്ന് അഭിപ്രായപ്പെടാറുണ്ട്. ഒരു കഥാകൃത്തെന്നതിനേക്കാൾ ഒരു നോവലിസ്ററ് എന്ന നിലയിലാണ് അദ്ദേഹം കൂടുതൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. തകഴിയിൽനിന്നും, ബഷീറിൽനിന്നും, ഉറൂബിൽനിന്നും, പൊററക്കാട്ടിൽനിന്നും വ്യത്യസ്തമായ രീതിയിൽ ജീവിതത്തെ ചിത്രീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ശക്തമായ ഒരു അന്തർമുഖത്വവും ശൂന്യതാബോധത്തിലൂന്നിയ ഒരു ജീവിതദർശനവും അദ്ദേഹത്തിന്റെ കൃതികളിൽ

കാണാം. എന്തിനോടോ ഉള്ള ഒരു വെല്ലുവിളി, പ്രതികാരവാഞ്ഛ അദ്ദേഹത്തിൽ അന്തർലീനമായി കിടക്കുന്നു. നാലുകെട്ട്, മഞ്ഞ്, അസുരവിത്ത്, കാലം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ നോവലുകൾ. അറബിപ്പൊന്ന് അദ്ദേഹവും എൻ.പി. മുഹമ്മദും ചേർന്നെഴുതിയ നോവലാണ്. പഴയ കൂട്ടുകുടുംബ വ്യവസ്ഥയുടെ പശ്ചാത്തലത്തിൽ മനുഷ്യബന്ധങ്ങളെ വിലയിരുത്താനുള്ള കലാപരമായ ഒരു ശ്രമം 'നാലുകെട്ടിൽ കാണാം.' 'നാലുകെട്ടി'ലെ നായകൻ അപ്പുണ്ണിയാണ്. അവകാശപ്പെട്ട നാലുകെട്ടിൽനിന്നും പടിയിറക്കപ്പെട്ട ഓർമ്മയിൽനിന്ന് ഉണ്ടായ ഹൃദയ വേദന 'അനശ്വരനൊംപരമോ' 'പ്രതികാരമോ' ആക്കി വളർത്തിയ അപ്പുണ്ണിയുടെ കഥയാണ് നാലുകെട്ട്. ദാരിദ്ര്യവും ദുഃഖവും കെടുതിയും അനുഭവിക്കുമ്പോഴും അവൻ നിരാശനാകുകയോ, ജീവിത സമരത്തിൽനിന്ന് പിന്മാറുകയോ അല്ല ചെയ്യുന്നത്. കൂടുതൽ വാശിയോടെ മുന്നേറുകയാണ്. പഠിച്ച് വളർന്ന് പണവും പൗരുഷവും ആർജിച്ചപ്പോൾ അവൻ മനുഷ്യനായി; പഴയ നാലുകെട്ടു വിലക്കു വാങ്ങി. ആ നാലുകെട്ട് കയ്യടക്കുന്നതിനേക്കാൾ ആനന്ദം അത് പൊളിച്ചു മാററി പുതിയ വീടു വക്കുന്നതിലാണ്. പ്രത്യാശയുടെ പ്രതീകമാണ് അപ്പുണ്ണി. തറവാട്ടിലെ തുള്ളലിന് ക്ഷണിക്കാതെപോയ അപ്പുണ്ണിയുടെ ചിത്രമാണിവിടെ വരച്ചു കാണിക്കുന്നത്.

**കഥാസാഹിത്യം-നോവൽ** **എം.ടി. വാസുദേവൻ നായർ**

## പാഠം-1 ദാഹിക്കുന്ന നാഗങ്ങൾക്ക് ഒരു തുള്ളൽ

ഉച്ചയായപ്പോഴേയ്ക്കും വീടു നിറഞ്ഞു. തെക്കിനിയിലും വടക്കിനിയിലും നിറയെ പെണ്ണുങ്ങൾ. പിന്നെ കരയുന്ന ചെറിയ കുട്ടികളും. എല്ലാവരും കുടുംബക്കാരോ ബന്ധുക്കളോ ആണ്. ഉമ്മറത്തും ഇറയത്തും മുതിർന്ന കുട്ടികൾ. മുററത്തും പന്തലിലും ആണുങ്ങൾ.

പന്തലിനുതൊട്ട് ഓലമറച്ച നെടുമ്പുര ഉണ്ടാക്കിയിട്ടുണ്ട്. അതിലാണ് പുള്ളുവർ ഇരിക്കുന്നത്. അവർക്കു വേണ്ടപ്പോൾ മുറുക്കാനും വെള്ളവും എത്തിച്ചുകൊടുക്കേണ്ടതു മാളുവിന്റെ ചുമതലയായിരുന്നു. തറവാട്ടിലെ അനന്തിരവന്റെ മകളാണ് മാളു.

അതവൾക്കിഷ്ടമായി. രാമനാണ് പുള്ളുവരുടെ മൂപ്പൻ. രാമന്റെ പുള്ളുവത്തിയ്ക്കും പാടാനറിയാം.

കോലായ നിറഞ്ഞുകഴിഞ്ഞപ്പോൾ പിന്നെ പന്തലിലും നെടുംപുരയിലും ചുററിനടക്കാൻ മാളുവിനു നേരമില്ലെന്നായി. കരയുന്ന ഒരു കുട്ടിയെ നീട്ടിയിട്ട് ആരെങ്കിലും പറയും: 'എട്യേ ഇതിനെ പുറത്തേയ്ക്ക് കൊണ്ടോയി ഒന്നു കരച്ചിലു മാററിക്കോ.'

ആദ്യം കൈയിൽ കിട്ടിയ കുഞ്ഞിന്റെ കരച്ചിൽ മാററുന്നത് ഒരു രസമായി തോന്നി. പക്ഷേ, അതുകൊണ്ടവസാനിക്കുന്നില്ല. പുതിയ കൂട്ടർ വന്നു കയറുന്നതോടൊപ്പം കരയുന്ന കുഞ്ഞുങ്ങളുടെ എണ്ണവും വർദ്ധിക്കുകയാണ്. പക്ഷേ, വയ്യെന്നു പറയുവാൻ കഴിയുമോ?

അവൾ അച്ഛന്റെകൂടെ വീട്ടിൽനിന്നിറങ്ങിപ്പോരുമ്പോൾ അവളോടു പറഞ്ഞിട്ടുണ്ട്:

'വിളിച്ചതും പറഞ്ഞതും കേൾക്കണം; ചൊല്ലൂളിവേണം.'

എല്ലാവരും വേണ്ടപ്പെട്ടവരാണ്. അധികമാരേയും മാളു അറിയില്ല. ചോദിച്ചാൽ അറിയും. അതേയ്, കുഴിൽത്തോടീലെ പാപ്പിച്ചെറ്യേമടെ താഴെള്ളതല്ലേ.'

അതേയ്, അമ്മുകുട്ട്യേടത്തീടെ നായരുടെ വീട്ട്ന്ന് അല്ലേ?

തുള്ളൽ വരാൻ അവളും കൊതിച്ചതാണ്. തുള്ളൽ എന്ന് കേട്ടിട്ടേ ഉള്ളു.

താഴെയും മേലെയുമായി രണ്ടു സർപ്പക്കാവുകളുണ്ട്. രണ്ടിലും കൂടി മൂന്നു നാഗങ്ങളുണ്ട്. പേരു മാളു പഠിച്ചുവെച്ചിട്ടുണ്ട്. കരിനാഗം, മണിനാഗം, അഞ്ജനമണിനാഗം.

കരിനാഗം ചീത്തയാണ്. താണ ജാതിയാണ്. അയ്യപ്പനും ചാത്തപ്പനും ഒക്കെ ഉള്ളപോലെയായിരിക്കുമെന്നു മാളു വിചാരിച്ചു. അതുകൊണ്ടാണ് ശിവരാത്രിയ്ക്കു പാലും പഴവും കൊടുക്കുമ്പോൾ ആദ്യം കരിനാഗത്തിനു വെക്കുന്നത്. മേലേക്കാവിലാണ് ആദ്യം കൊടുക്കുന്നതെങ്കിൽ ദുരയുള്ള കരിനാഗം ചെന്നു അശുദ്ധമാക്കുമല്ലോ.

മാളു ഈ നാഗങ്ങളെ കണ്ടിട്ടില്ല. സർപ്പക്കാവിൽ ചിത്രകൂടത്തിന്റെ താഴെയാണ് അവരുടെ മാളിക. ഓരോന്നിലും മക്കളും മരുമക്കളും വാലിയക്കാരുമായി കുറെ

പാമ്പുകളുണ്ടാവും. അതിലൊന്നിനെയാണ് മുററത്തെ ഒതുക്കുകളിൽ കുറെദിവസംമുമ്പു കണ്ടതത്രേ. സന്ധ്യയ്ക്ക് തങ്കേടത്തി വിളക്കുവെയ്ക്കാൻ ഉമ്മറത്തു പോയപ്പോൾ വിളിച്ചു പറഞ്ഞു: 'അമ്മേയ്, ചെറ്യേമ്മേ, പാമ്പ്.'

തങ്കേടത്തി തിരിവെയ്ക്കാതെ അകത്തേക്ക് ഓടി.

'സന്ത്യാമ്പോ എന്താടീ കൂട്ടാർക്കണ്?' എന്നു മകളെ ശാസിച്ചുകൊണ്ടാണ് ഏട്ടൻറമ്മയുടെ വരവ്. തങ്കേടത്തിയുടെ അമ്മയെ അവർ 'ഏട്ടൻറമ്മ' എന്നാണു വിളിക്കുക. തങ്കേടത്തി ഉമ്മറത്തേയ്ക്കു തിരിച്ചുവന്നു.

'അവിടെ പാമ്പുണ്ട്, അമ്മേ.'

ഏട്ടൻറമ്മ തെക്കിനിയിൽ കടന്നുനിന്ന് ഉറക്കെ വിളിച്ചു:

'കുട്ടാ, മീനാക്ഷ്യേ, ഭാസ്കരാ, പാമ്പ്, ഉമ്മറത്ത് പാമ്പ്.'

ഏട്ടൻറമ്മയുടെ താഴെയാണ് അവളുടെ അച്ഛൻ. പേരേ വിളിയ്ക്കൂ.

അച്ഛൻ വന്നു. ഭാസ്കരേട്ടനും കൃഷ്ണൻകുട്ടിയും വന്നു. അകത്തുനിന്ന് അച്ഛമ്മയും പതുക്കെ എഴുന്നേററുവന്നു.

'എവിടെ? എവിടെ?'

നോക്കിയപ്പോൾ പാമ്പില്ല. മുററത്തും ഒതുക്കുകല്ലിൻെറ ചുവട്ടിലും പച്ചനാളികേരം കൂട്ടിയിട്ടിടത്തും ഒക്കെ തിരഞ്ഞു. പാമ്പില്ല.

ഭാസ്കരേട്ടൻ അനിയത്തിയെ കുററപ്പെടുത്തി:

'ഈ പെണ്ണ് വല്ല ഓലക്കൊടീം കണ്ട് കൂട്ടാർത്തതാവും.'

ഏട്ടൻറമ്മ മകളുടെ ഭാഗം ചേർന്നു.

'പോടാ. ഓളങ്ങന്യൊന്നും പറയില്ല്യ.'

'ഞാൻ കണ്ടതാമ്മേ.'

അച്ഛമ്മ തങ്കേടത്തിയെ പിടിച്ചു വിസ്തരിച്ചു.

'നീയ് കണ്ട്വോ തങ്കക്കുട്ട്യേ?'

'ഞാൻ അസ്സലായി കണ്ടു, അമ്മേ.'

വിശ്വസിപ്പിക്കാൻ ഒരു സത്യവും ചെയ്തു.

'ൻെറ കണ്ണ് രണ്ട്വാണ്, കൊടിക്കുന്നത്തമ്മേതന്നെ ആണ്, ഞാൻ കണ്ടു.'

'പടംണ്ടോ?'

'ഇത്രേള്ളു, അമ്മമ്മേ, ചെറുതാ.'

'നെറന്താ?'

'കറുത്തിട്ടാ. മിന്ന്ണ്ണ്ട്.'

'ആ'

അച്ഛമ്മയ്ക്കു സമാധാനമായി. നിവർന്ന് എല്ലാവരോടുമായി പറഞ്ഞു.
'കേട്ടോളിൻ, കുട്ട്യോളെ. തല്ലും കൊല്ല്വൊന്നും വേണ്ട. അത് കളിയ്ക്കണ്ട പാമ്പല്ല. കാവിലത്തെ പാമ്പായിരിയ്ക്കും........'

വലിയമ്മാമ കുറച്ചു കഴിഞ്ഞപ്പോഴേക്ക് എത്തി. എല്ലാവരും അകത്തേക്കു പോയി. മാലുവിൻെറ അച്ഛൻ കിഴക്കെ ഇറയത്തേക്കു മാറിനിന്നു. അച്ഛമ്മ പാമ്പിനെ കണ്ട വിവരം പറയാൻ വേണ്ടി കാത്തുനിൽക്കുകയായിരുന്നു.

സംഭവം കേട്ടപ്പോൾ വലിയമ്മാമ പറഞ്ഞു.

'പാലും പൊടീം കൊടുത്തിരിയ്ക്ക്ണ്വല്ലോ. എന്തേ ഇങ്ങിനെ കാണാൻ.'

കുറച്ചുനേരം മുററത്തങ്ങോട്ടുമിങ്ങോട്ടും നടന്നശേഷം ഉറക്കെ പറഞ്ഞു.

'എന്തിനാ, അയിത്തല്ല്യ, ചിത്തല്ല്യ. ഒക്കെ തീണ്ടിപ്പൊട്ടിച്ചിട്ട്ണ്ടാവും. അസത്തുക്കള്.'

എന്നിട്ടു മാലുവിൻെറ അച്ഛനെ വിളിച്ചു.

'എടാ കുട്ടാ, നാളെ പാടത്ത്ന്ന് പോരണവഴിയ്ക്ക് എമ്പ്രാന്തിരിനോട് ഒന്ന് പുണ്യാഹം കഴിയ്ക്കണമെന്ന് പറ.'

മാളുവിന്റെ അച്ഛൻ കേട്ടു. വലിയമ്മാമ എന്തു പറഞ്ഞാലും മറുപടി പറയില്ല. അതാണച്ഛന്റെ പതിവ്. എല്ലാം അനുസരിക്കയും ചെയ്യും. വലിയമ്മാമനോടു മറുപടി പറയുന്നതു സൂക്ഷിച്ചു വേണം. അതേ എന്നോ അല്ല എന്നോ പറഞ്ഞാൽ ഇടിവെട്ടുന്ന ശബ്ദത്തിൽ,

'എന്ത്ണ്ട്ന്ന്.'

'എന്തില്ലാന്ന്.'

——അലറും, അതാണ് പതിവ്.

പാമ്പിനെ വീണ്ടും പലേടത്തും കണ്ടുവത്രേ. തൊഴുത്തിന്റെ പിന്നാമ്പുറത്തെ പടവിൽ; കുളമുററത്തെ പ്ളാവിന്റെ ചുവട്ടിൽ.

അപ്പുക്കുട്ടൻ പണിയ്ക്കർ വന്നു രാശിവെച്ചു.

'നാഗങ്ങൾ ദാഹിച്ചു നടക്കുകയാണ്. പാലും പൊട്യാണ്ടും ആയില്ലാ. തുള്ളല് തന്നെ വേണം.'

അങ്ങിനെയാണ് പുള്ളുവൻരാമൻ വന്നു തുള്ളൽ കുറിച്ചത്.

ഉമ്മറത്തു കുട്ടികളുടെ കൂട്ടത്തിൽ പോയിരുന്നാൽ പന്തലിൽ നടക്കുന്നതെല്ലാം മാളുവിനു കാണാം. പക്ഷേ ഇടയ്ക്കിടയ്ക്കു തങ്കേടത്തി വിളിക്കും, മീനാക്ഷിയേടത്തി വിളിക്കും, വന്നവരിൽ പലരും വിളിക്കും.

അവൾ ഒഴിവു കിട്ടിയപ്പോൾ അച്ഛമ്മയുടെ മുറിയിലൊന്നു പോയി. അച്ഛമ്മയ്ക്കു സംസാരിക്കാൻ രണ്ടുപേരെ കിട്ടിയിട്ടുണ്ട്. പററിയ തുണക്കാരാണ്. തല പഞ്ഞിപോലെ നരച്ച ഒരു തള്ള. തടിച്ച് എണ്ണ മിനുങ്ങുന്നതാണവരുടെ ശരീരം. കഴുത്തിൽ ഒരു പൊന്നുനൂലുണ്ട്. ചുമലോളം നീണ്ട വലിയ കാതുള്ള ഒരു മെലിഞ്ഞ തള്ളയാണ് രണ്ടാമത്തെ ആൾ. അവർ കൊമ്പുപോലെ തലമുടി നെറുകയിൽ കെട്ടിപ്പൊക്കിവെച്ചിരിക്കുന്നു. അവരാണ് ചോദിച്ചത്.

'ഏ....ട്യേ....നെ—ന—ക്കെ—ന്നെ—നി—ശ്ശം—ണ്ടോ?'

അവർ സംസാരിക്കുമ്പോൾ വല്ലാത്ത വിറയുണ്ട്.

'ഇമ്പളിപ്പോ ഇവട്യാ?'

പൊന്നുനൂലുള്ളവരും അന്വേഷിച്ചു.

അച്ഛമ്മയുടെ അനിയത്തിമാരാണെന്നു പിന്നീടാണ് മനസ്സിലായത്. അവർ മൂന്നുപേരും കാലു നീട്ടിയിരുന്ന്, വായിൽ മുറുക്കാനുമിട്ടു സംസാരിക്കുന്നതു കേൾക്കാൻ രസമുണ്ട്. പണ്ട് അവരൊക്കെ കുട്ടികളായിരുന്ന കാലത്തെ കഥകളാണ്. അന്ന് എല്ലാവരും ഈ വീട്ടിലായിരുന്നു. അവരൊക്കെ കുട്ടികളായിരുന്നുവെന്നു വിശ്വസിക്കാൻ മാളുവിനു പ്രയാസം തോന്നി.

പിന്നെ തുള്ളലിനെപ്പററിയായി. ഏട്ടത്തിയും അനിയത്തിമാരും തമ്മിൽ സംസാരിക്കയാണെന്നു തോന്നില്ല.

'എച്ച്മൂന് ഓർമ്മയുണ്ടോ? ഉണിച്ചിരി തുള്ളലിന് ഇരുന്ന കൊല്ലം മേലേക്കാവില് പൂക്കുല കുത്തീത്....'

'പിന്ന്യോ.... ഇന്നലെ കഴിഞ്ഞന്തി തോന്ന്ണ്ണ്ട്. വല്ലാത്ത പരൂക്ഷന്നായിരൂന്നൂട്ട്യോ.'

മൂന്നുപേർക്കും ഓർമ്മയുണ്ട്. എന്നാലും പറയാനുള്ള രസംകൊണ്ടായിരിക്കണം. അച്ഛമ്മ വിവരിച്ചു. ഇടവപ്പാതിക്ക് 'വരു'*പൊട്ടിയൊലിച്ചു ചിത്രകൂടം ഒഴുകിപ്പോയി. പുതിയ ചിത്രകൂടം മുഹൂർത്തം നോക്കി വെട്ടിവെപ്പിച്ചു. അടുത്ത കൊല്ലത്തെ തുള്ളലിന്റെ അവസാനദിവസം. ആണുങ്ങൾ പന്തംകൊളുത്തി മേലേക്കാവിലേയ്ക്കുള്ള വഴിയിൽ തയ്യാറായിനിന്നു. പൂക്കുല കുത്താൻ ഉറഞ്ഞോടുമ്പോൾ കൂടെ ഓടിയെത്തണമല്ലോ. പക്ഷേ കളത്തിലിരുന്ന പെൺകിടാവു തുള്ളിയോടിയത് ആ വഴിക്കല്ല. ഇരുട്ടിൽ പൊടുന്നനെ മറഞ്ഞുപോയി. വിളക്കും ആളുകളുമായി ചെന്നു നോക്കിയപ്പോൾ പടിഞ്ഞാറേ അതിർത്തിയിലെ മുളംകൂട്ടത്തിൽ തലയിട്ടു തച്ചുകൊണ്ട് പെൺകിടാവ് ഇരിക്കുന്നു. നോക്കിയപ്പോൾ നഷ്ടപ്പെട്ടുപോയെന്ന് എല്ലാവരും വിശ്വസിച്ചിരുന്ന ചിത്രകൂടം മുക്കാലും മണ്ണിൽ പൂഴ്ന്നു കിടക്കുന്നു.

'പാമ്പ്മ്മാരുടെ ഒരു ഊറേറയ്—'

'നാ—രാ—യ—ണ, നാ—രാ—യ—ണ—'

*മഴവെള്ളം ഒഴുകിപ്പോകാൻ അതിരിൽ നിർമ്മിക്കുന്ന ചാല്യുകൾ.

അച്ഛമ്മയും തുള്ളാനിരുന്നിട്ടുണ്ട്. ഇന്നു തുള്ളാനിരിക്കുന്നത് അമ്മിണിയേടത്തിയും തങ്കേടത്തിയുമാണ്. വലിയമ്മാമന്റെ ഇളയ മകളാണ് അമ്മിണിയേടത്തി. അമ്മായിയും മക്കളും ഇന്നലെയാണ് വന്നത്.

ഉമ്മറമുററത്ത്, മുലയ്ക്കുമീതെ മുണ്ടു കയററിച്ചുററി, മെതിയടിപ്പുറത്തു വലിയമ്മാമ നടക്കുകയാണ്........ മാറത്തെ നരച്ച രോമക്കാടിനിടയിൽ വിരലുകൾ ഓടിക്കുന്നുണ്ട്. പന്തലിലും മുററത്തുമായി നിൽക്കുന്ന ആളുകളോടു വലിയമ്മാമ പഴയ കാലത്തെപ്പററി പറയുകയാണ്.

'അച്ചുമ്മാമ ഈ പത്തായപ്പെരേല് ഇരുന്നാ മതി. ഈ നാട്ടില് കാക്ക കരേല്ല്യ....'

ചില വയസ്സന്മാർ ബഹുമാനത്തോടെ കേട്ടിരിക്കുന്നു.

'മൂപ്പരെ നിയ്ക്ക് ഓർമ്മയുണ്ട്. പുലി-പുലിപോലത്തെ ആളല്ലേര്ന്ന്?' കളത്തിക്കമ്മൾ* പറഞ്ഞു.

കോടിമുണ്ട് ഉടുത്തുകെട്ടി നെററിയിൽ ചന്ദനക്കുറിയും ചെവിക്കിടയിൽ തുളസിപ്പൂവും ചൂടി 'കൂട്ടിത്തൊടാതെ' നിൽക്കുകയാണ്, വടക്കമ്പുറി നാരായണൻനായർ. അയാളാണ് കളത്തിക്കമ്മൾ.

ദേശത്തെ പ്രായംചെന്ന വല്ലവരും വീട്ടിൽ വരുമ്പോഴേ വലിയമ്മാമ അങ്ങിനെ സംസാരിക്കാറുള്ളു. അതു പഴയ കാലത്തേപ്പററിയായിരിക്കും. എട്ടുകെട്ടും മൂന്നു കൈയ്യാലയും അറുപത്തിനാലാളും പുലിപോലത്തെ അച്ചുമ്മാനും ഉണ്ടായിരുന്ന കാലം, തറവാടു ഭാഗിച്ച കഥ.

'ഇന്ന് നാട്ടില് കാശും പണൂം ആയി. ഇവ്ടത്തേക്കാളും സ്വത്ത്ള്ളോര് ഒക്കെ നായര്സമുദായത്തില്ണ്ട്. പക്ഷേ ഈ തറവാട്ടിന്റെ അട്ത്ത് നിക്കാൻള്ള തറവാട് ഏതാള്ളത്?'

ഒരു വയസ്സൻ തലയാട്ടിക്കൊണ്ടു പറഞ്ഞു:

'കാര്യാ. അതൊക്കെ ഇന്നലത്തെ മഴയ്ക്ക് പൊടിച്ച തകര.'

'എന്റെ കളപ്പെരേന്ന് നെല്ല് കോരിക്കൊണ്ടോവുമ്പോ ചെർമ്മക്കള് കണ്ടതോ. അവനൊക്ക്യാണിപ്പോ മാളികവെച്ച് ഇരിക്ക്ണ്. ത്ഫൂ!'

വയസ്സൻ വീണ്ടും തലയാട്ടി.

'നിങ്ങള് കേൾക്ക്ണ്ണ്ടോ? നിയ്ക്ക് കാശും പണൂം അല്ലാ വലുത്. ഗുരുകാരണവൻമാരായിട്ട് തൊടങ്ങിവെച്ചത് ഒന്നും ഞാൻള്ള കാലത്ത് നിർത്തില്ല്യ. ഈ തുള്ളല്ന്ന് എത്ര പണം ചിലവ്ണ്ട്ന്നാ വിചാരം?'

'അതൊക്കെ ശ്ശി വരും. ഇപ്പത്തെ കാലല്ലെ?' കളത്തിൽക്കമ്മൾ പറഞ്ഞു.

'സാധാരണ തറവാടുപോല്യല്ലാ ഇത്. ഇതിനകത്തേയ് ചൊപ്പായപ്പെട്ട ഒരു ഭഗവതീണ്ട്.'

'അതന്ന്യാ ശ്രീത്വം. ചോറു കൊണ്ടുത്തന്ന അമ്മയാണ്.'

മാളു കുത്തഴിയുടെ പിന്നിൽനിന്നുമാറി. പതുക്കെ പടിക്കിടയിലേയ്ക്കു നടന്നു.

തങ്കേടത്തിയും അമ്മിണിയേടത്തിയും കുളിച്ചു ശുദ്ധമായിരിക്കയാണ്. തങ്കേടത്തിക്കു സ്വതവേതന്നെ വലിയ ആളാണെന്ന ഒരു നാട്യമുണ്ട്. ഇന്നത്തെ കഥ പറയണ്ട. അമ്മിണിയേടത്തി കുളിച്ചു ചന്ദനംകൊണ്ടു വരകുറിയും അതിനിടയിൽ ചാന്തുപൊട്ടും തൊട്ട് ഇരിക്കുന്നതു കാണാൻ ചന്തമുണ്ട്. അസൂയയോടെ അമ്മിണിയേടത്തിയെ അവൾ നോക്കിനിന്നു. നല്ല വാഴക്കൂമ്പിന്റെ നിറം. കഴുത്തിലെ നീലഞരമ്പു തെളിഞ്ഞുകാണാം. ഇടത്തെ ചുമലിലൂടെ മുമ്പിലേക്കു എടുത്തിട്ട തലമുടി നിലത്ത്, പുളയുന്ന കറുത്ത പാമ്പുകൾപോലെ, ചിതറിക്കിടക്കുന്നു.

വലിയമ്മാമയുടെ മക്കളിൽ കല്യാണേടത്തി മാത്രമേ വരാത്തതുള്ളു. അവർ പ്രസവിച്ചു കിടക്കുകയാണ്. അവരുടെ മൂത്ത കുട്ടി ബാലൻ അമ്മായിയുടെകൂടെ വന്നിട്ടുണ്ട്.

വലിയമ്മായിയുടെ വീട്ടിലേക്കു നാലുനാഴിക നടക്കണം. പുഴ കടന്നു പിന്നെയൊരു തോടും കടന്നു വേണമത്രേ പോകാൻ. അമ്മായി സ്വന്തം തറവാട്ടിലല്ല താമസം. തെങ്ങിൻതോട്ടവും ഓടിട്ട പുതിയ വീടുമുണ്ട്. കഴിഞ്ഞകൊല്ലം അമ്മിണിയേടത്തിയുടെ തിരണ്ടു കല്യാണത്തിനു വലിയമ്മ പോയപ്പോൾ അവളും കൂടെ പോയിരുന്നു.

* സർപ്പത്തുള്ളലിന്റെ പൂജാരിയെ 'കളത്തിൽക്കമ്മളെ'ന്നാണ് വിളിക്കുക. പുള്ളുവൻ നിർദ്ദേശം കൊടുക്കുന്നു. 'കമ്മൾ' പൂജിക്കുന്നു.

അവരുടെ കഴുത്തിലെ തിളങ്ങുന്ന 'കുഴിമിന്നി' കാണാൻ നല്ല ഭംഗിയുണ്ട്.

മാളുവിന്റെ കഴുത്തിൽ ചരടിൽ കോർത്തിട്ട ഒരു പരന്ന ഏലസ്സുണ്ട്. അത് അമ്മയുടെ കഴുത്തിലുണ്ടായിരുന്നതാണ്. അമ്മ മരിച്ച്, മറവുചെയ്യാൻ എടുത്തുകൊണ്ടുപോകുന്നതിന് അല്പം മുമ്പാണ് ആരോ ചരടറുത്തത്. അതു പിന്നെ അവളുടെ കഴുത്തിലായി.

അമ്മിണിയേടത്തി, കുറേനേരം നിന്നശേഷമാണ് അവളെ കണ്ടത്.

'മാളു എന്നേ വന്ന്?'

അതിനു തങ്കേടത്തിയാണ് മറുപടി പറഞ്ഞത്:

'ഈ പെണ്ണ് കഴിഞ്ഞ കൊല്ലംമുതല് ഇവടെത്തന്നല്ലേ?'

ഒരു കൊല്ലമായി അവളിങ്ങോട്ടു പോന്നിട്ട്. വീട്ടിൽ അമ്മ മരിച്ചതിൽപ്പിന്നെ അവൾക്കു സൈ്വരമുണ്ടായിട്ടില്ല. ചെറിയമ്മയും അവരുടെ മക്കളുമാണ് അവിടെയുള്ളത്. വീട് അവരുടെയാണ്. അവളുടെ അമ്മയ്ക്ക് ഒന്നുമുണ്ടായിരുന്നില്ല. അച്ഛന് ഒന്നും കൊടുക്കാൻ കഴിഞ്ഞതുമില്ല. അച്ഛമ്മയാണ് അവളോടും അങ്ങോട്ടു വന്നുകൊള്ളാൻ പറഞ്ഞത്.

'മോള് ങ്ങട്ട് പോന്നോട്ടെ. ഇവിടെ മീനാക്ഷിക്ക് ഒരു സഹായാവൂലോ.'

ഉമ്മറത്ത് ഇലവെയ്ക്കുന്ന ബഹളം തുടങ്ങി. ആദ്യം കുട്ടികൾക്കും പെണ്ണുങ്ങൾക്കുമാണ് ഉമ്മറത്ത് കുട്ടികൾക്കും തെക്കിനിയിലും വടക്കിനിയിലും പെണ്ണുങ്ങൾക്കും ഇലവെച്ചു.

വലിയമ്മാമൻ വിളിച്ചുപറഞ്ഞു.

'എടാ കുട്ടാ, അകത്ത് കുഞ്ഞുകുട്ട്യോളൊക്കെ ഒക്കെ കഴിക്കണം. —പാട്ട്രാശിക്ക് മുമ്പേ തൊടങ്ങണം.'

മാളു ഒരിടത്തു ഒതുങ്ങി നില്ക്കുന്നതുകണ്ടു തങ്കേടത്തി ചോദിച്ചു:

'പെണ്ണേ, നിനക്ക് ചോറ് വേണ്ടേടി?'

തിരിഞ്ഞു അമ്മിണിയേടത്തിയോടു പറഞ്ഞു:

'ഉച്ചയ്ക്ക് പുഴുക്കും കഞ്ഞീം മൂക്കററം കുടിച്ചിട്ട്ണ്ടാവും. അതാ പെണ്ണിന് ഒരു വേണ്ടായ.'

അവളെ കളിയാക്കിയതാണ്. അവൾക്കു ഉള്ളിൽ ചൊടിച്ചു. ഓ. അത്ര 'വയറി'യൊന്നുമല്ല മാളു.

'പോയിരുന്നോടീ പെണ്ണേ.'

വലിയമ്മ ആ വഴി കടന്നുപോയപ്പോൾ ഒരു ചീത്തയും പറഞ്ഞു.

കുട്ടികളുടെ കൂടെയിരിക്കാൻ അവൾക്ക് അല്പം മടിതോന്നി. പെണ്ണുങ്ങളുടെ കൂടെയിരിക്കാനാണ് അവൾക്കു മോഹം. വേഗം ഉണ്ടു കഴിഞ്ഞാൽ നല്ല സ്ഥലം പിടിച്ചിരിക്കാം. ചാരുപടിയുടെ താഴെ ഒരില ഒഴിവു കണ്ടു. അതിന്റെ പിന്നിൽ ചെന്നിരുന്നു. രണ്ടു വരിയായി പത്തിരുപതു കുട്ടികൾ ഇരിപ്പുണ്ട്.

പന്തലിന്റെ മുമ്പിൽ, തൂണിന്റെ അടുത്തു ഇരുന്നാൽ മതി. നേരെ താഴെയാണ് കളം. നന്നായി കാണാം.

ധൃതിയിൽ ഊണുകഴിഞ്ഞ്, രണ്ടാമത്തെ പ്രഥമൻ വിളമ്പുന്നതിനുമുമ്പുതന്നെ അവളെഴുന്നേററു. കൈ കഴുകി കിഴക്കെ കോലാത്തിലൂടെ ഒന്നു നടന്നപ്പോഴാണ്, അവിടെ ഇലമുറിക്കാർ മുറിച്ചിട്ടിരുന്ന അണച്ചിന്തുകൾക്കും ഇലക്കഷണങ്ങൾക്കും സമീപത്തായി ഒരാൺകുട്ടി ചുവരും ചാരി ഇരിക്കുന്നു. ചുവന്ന ട്രൗസറും മുഷിഞ്ഞ പച്ച ഷർട്ടുമിട്ട ഒരു കുട്ടി.

മാളു കുറച്ചിട സംശയിച്ചുനിന്നു. പിന്നെ അടുത്തുചെന്നു ചോദിച്ചു.

'കുട്ടി ഉണ്ടില്ല്യേ?'

അവൻ മുഖമുയർത്തി അത്ഭുതത്തോടെ അവളെ നോക്കി.

'കുട്ടി ഉണ്ടില്ല്യേന്ന്?'

'ഉം—ഉം.'

'കുട്ട്യോൾടെ ഒക്കെ കഴിഞ്ഞല്ലോ.'

'കഴിഞ്ഞോട്ടെ.'

അല്പം ഗൗരവത്തിലാണവന്റെ മറുപടി. മാളു തെല്ലു നാണിച്ചുപോയി.

'ഊണ് വേണ്ടേ.'

'ചോറ് കാണാണ്ടെ വന്നതൊന്നുമല്ല.'

അവന്റെ പുച്ഛവും ഗൌരവവും അവളെ ഒഴിഞ്ഞുപോകാൻ പ്രേരിപ്പിച്ചു. വീണ്ടും തലകുനിച്ച് അവൻ നിലത്തുനോക്കി ഇരുന്നപ്പോൾ അവൾ പതുക്കെ ചോദിച്ചു.

'കുട്ട്യേവട്ത്ത്യാ?'

അപ്പോൾ അവൻ കേട്ടില്ലെന്ന ഭാവത്തിൽ മുററത്തേയ്ക്ക് ഉണങ്ങിയ പച്ചപൊതിഞ്ഞ മതിലിലേയ്ക്ക് നോക്കിക്കൊണ്ടിരുന്നു.

'എന്താ പേര്?'

'അപ്പുണ്ണീന്ന്.'

'കുട്ട്യേവ്ട്ത്ത്യാ?'

അവന്റെ മുഖം ചുവന്നുപോയി. അരിശത്തോടെ അവളുടെ മുഖത്തുനോക്കി പറഞ്ഞു:

'ഞാൻ ഇവിടത്തെ. എന്താ നെനക്ക് ചേതം?'

ആ ശുണ്ഠി അവളെ വെറുപ്പിക്കയല്ല ചെയ്തത്. ഒരു തമാശയാണ് തോന്നിയത്. ഈ വീട്ടിലെ കുട്ടിയാണെന്ന്. മാളുവിനെ കളിപ്പിക്കാൻ നോക്കുകയാണ്.

'ഇവിട്ത്തെ കുട്ട്യോളെ കണ്ടാൽ നിയ്ക്കറീലോ.'

പിന്നേയും എന്തോ പറയാൻ ഭാവിക്കുമ്പോഴാണ് മാളു കണ്ടത്. അവന്റെ കണ്ണു നിറഞ്ഞിരിക്കുന്നു.

'ഞാൻ —കോന്തുണ്ണ്യാരടെ മകനാ. ഞാനും ൻറമ്മീം ഇവ്ടത്ത്യാ.'

അപ്പോൾ അവളുടെ ചോദ്യം പൊടുന്നനെ നിലച്ചു. തങ്കേടത്തി സ്വകാര്യമായി പറയുന്നതുകേട്ട കഥ ഓർമ്മ വന്നു. അവൾ കണ്ടിട്ടില്ലാത്ത അച്ഛൻപെങ്ങളെ കട്ടുകൊണ്ടുപോയ കാര്യം. ഇതാണോ അപ്പുണ്ണ്യേട്ടൻ?

പണിക്കാരികൾ എച്ചിലിലകൾ മുന്നിലൂടെ എടുത്തുകൊണ്ടു പോയി വാഴക്കുണ്ടിലിടുന്നു. അവിടെ ചെറുമക്കുട്ടികൾ എച്ചിൽ വാരാൻ തമ്മിൽത്തല്ലുകൂടി മത്സരിച്ചുനിൽക്കുകയാണ്.

മാളുവും ഇറയത്തിരുന്നു.

'എന്തിനാ കരേണ്?'

അവനൊന്നും മിണ്ടുന്നില്ല.

'തന്നേ പോന്ന്?'

'കൊട്ടില്ലെ മുത്താച്ചീണ്ട്.'

'മുത്താച്ചീനെ കണ്ടു. മുറുക്കാൻ കൊണ്ട്പോയിക്കൊടുത്തത് ഞാനാണല്ലോ. ഒന്നും പറഞ്ഞില്ല്യാട്ട്വോ മുത്താച്ചി!'

തുടർന്നു മുത്താച്ചിയെപ്പററി അവളൊരു അഭിപ്രായവും പറഞ്ഞു: 'മുറുക്കാൻറീം കാളൻറീം കൂട്ടം തന്ന്യല്ലേ തള്ളയ്ക്ക്ള്ളു?'

അപ്പോൾ അവന്റെ മുഖത്ത് ഒരു നേർത്ത ചിരി പരന്നു.

'നമ്മക്ക് മറേറ കുട്ട്യോളൊക്കെ ഇരിയ്ക്ക്മ്പളയ്ക്ക് നല്ല സ്ഥലം പിടിയ്ക്കാം.'

അതു ശരിയാണെന്ന് അവനു തോന്നി.

'പടിഞ്ഞാറേറേത്ത് തൂണിൻറട്ത്തിരിയ്ക്കാ സുഗം.'

അവൾ മുൻപിൽ നടന്നു, അപ്പുണ്ണി പിന്തുടർന്നു.

നെടുപുരയിൽനിന്ന് ഇടിയറ* പൊടുന്നനെ ശബ്ദിച്ചു. മാളു ഉത്സാഹത്തോടെ അവനെ നോക്കി പറഞ്ഞു: 'ഇപ്പോത്തൊടങ്ങും.'

പന്തൽ നാലുചുററിനും കുരുത്തോലയും മാവിലയും കോർത്തിട്ട് അലങ്കരിച്ചിട്ടുണ്ട്. കളമെഴുത്തു കഴിഞ്ഞിരിക്കുന്നു. അരിപ്പൊടിയും മഞ്ഞപ്പൊടിയും നൂറും മഞ്ഞളും ചേർത്തുണ്ടാക്കിയ ചുവന്ന പൊടിയും ഇട്ടാണ് കളം വരച്ചിരിക്കുന്നത്. ഉടൽ കെട്ടുപിണഞ്ഞു കിടക്കുന്ന, പടം വിരുത്തിയ രണ്ടു ഉഗ്രസർപ്പങ്ങൾ.

പന്തലിന്റെ നടുവിൽ വാഴപ്പിണ്ടികൊണ്ടു കാൽവെച്ചു മുകളിൽ ചുവന്ന പട്ടുവിരിച്ചു മറെറാരു ചെറിയ പന്തലുണ്ടായിരിക്കുന്നു. അതിലെ നിലം നിറച്ചും കളമാണ്.

* വലിയ പുള്ളുവക്കുടം

'അതേയ്, രാമൻതന്നെണ്ടാക്കീതാ. ചെരട്ടോണ്ടാ കളെഴുത്വാ!'

മാലു തൻെറ അറിവു കാണിച്ചു.

'ചെരട്ടോണ്ടോ?'

'ആ, ചെരട്ടോണ്ട്.'

പുള്ളുവൻ രാമൻ പല തരത്തിൽ തുളയുള്ള ചിരട്ടയിൽ പൊടി നിറച്ച് ഉമിക്കരി പരത്തിയ നിലത്തുമുട്ടി കളമെഴുതിയതു മാലു വിവരിച്ചു.

'താനക്കാലിന് വെളക്ക് വെയ്ക്കാം.'

പുള്ളുവൻ രാമൻ നെടുപുരയുടെ വാതിൽക്കൽനിന്നു വിളിച്ചു പറഞ്ഞു.

## 13.2 പാഠസംഗ്രഹം

'നാലുകെട്ടി'ലെ കഥാനായകനായ അപ്പുണ്ണി വലിയ തറവാട്ടുകാരിയായ പാറുക്കുട്ടിയുടെ മകനാണ്. നാലുകെട്ടും നെല്ലിൻ പത്തായവുമുള്ള തറവാട്ടിൽ പാറുട്ടിക്കോ അവളുടെ മകനോ പ്രവേശമില്ല. വല്യമ്മാവൻ അടക്കി വാഴുന്ന കാലമാണ്. മരുമക്കത്തായ കുടുംബത്തിൻെറ എല്ലാ മര്യാദകളും ലംഘിച്ചുകൊണ്ടാണ് പാറുട്ടി ധനസ്ഥിതിയില്ലാത്ത ഒരു പകിടകളിക്കാരൻെറ കരുത്തിൽമാത്രം ആകൃഷ്ടയായി നാലുകെട്ടിൻെറ പടി വിട്ടിറങ്ങിപ്പോന്നത്. ആ കരുത്തൻ കണ്ണടച്ചിട്ടും പാറുട്ടി സ്വന്തം വീട്ടുകാരെ ആശ്രയിച്ചില്ല. ആ തറവാട്ടിൽ തുള്ളലും പാട്ടും നടത്താറുണ്ടായിരുന്നതാണ്. അതു മുടങ്ങിപ്പോയി. നാഗത്താന്മാർ ദാഹിച്ചലയാൻ തുടങ്ങി. നടയിൽ സന്ധ്യാനേരത്ത് നാഗത്താന്മാരെ കണ്ടതോടെ കുടുംബം മുഴുവൻ അസ്വസ്ഥമായി. തുള്ളൽ നടത്തി നാഗത്താന്മാരുടെ ദാഹം ശമിപ്പിക്കണമെന്ന് പ്രശ്നവിധിയുണ്ടായി. അവിടെ തുള്ളൽ നിശ്ചയിച്ചു. അറിയേണ്ടവരറിഞ്ഞു. അറിയിക്കേണ്ടവരെ അറിയിച്ചു. പക്ഷേ പാറുട്ടിയെ ആരും വിവരം അറിയിച്ചില്ല, കുടുംബത്തിലേക്ക് അവളെ ക്ഷണിച്ചതുമില്ല. തുള്ളൽ നടക്കുന്ന വിവരം ഊരുചുററുന്ന മുത്തശ്ശിയിൽ നിന്നറിഞ്ഞ അപ്പുണ്ണിയ്ക്ക് ഇരുപ്പുറച്ചില്ല. അവനും പോണം. മനസ്സില്ലാമനസ്സോടെ പാറുട്ടി അപ്പുണ്ണിയെ തറവാട്ടിൽ നടക്കുന്ന തുള്ളൽ കാണാൻ പറഞ്ഞുവിട്ടു. തുള്ളലിന് കുടുംബക്കാരെല്ലാം വന്നുചേർന്നതോടെ മാലുവിന് ഉത്സാഹമായി. വന്ന മുത്തശ്ശിമാർ കുടുംബ പുരാണം പറയുന്നത് അവൾ കൗതുകത്തോടെ കേട്ടു, ചെറിയ കുട്ടികളെ ഒക്കിലിരുത്തി കൊണ്ടുനടന്നു. ഇരിക്കപ്പൊറുതിയില്ലാതെ ഓടി നടന്ന് പണിയെടുത്ത അവൾ മുതിർന്നവരോടൊപ്പം ഉണ്ണാനിരിക്കാനാണ് ഇഷ്ടപ്പെട്ടത്. കളമെഴുതി വിളക്കുവച്ചു. തുള്ളലിനുള്ള ഒരുക്കമായി. തിരക്കു വർദ്ധിച്ചു. ആരുടെ ശ്രദ്ധയിലും പെടാതെ അന്യനായി നാലുകെട്ടിൻെറ ഓരായ്ത്തിരുന്ന അപ്പുണ്ണി മാലുവിൻെറ ദൃഷ്ടിയിൽപ്പെട്ടു. അവനെ അവൾ ശ്രദ്ധിച്ചു. അവൻ കരയുകയായിരുന്നു. കുട്ടി എവിടത്തെയാണെന്ന് മാലു ചോദിച്ചപ്പോൾ അവൻ പൊട്ടിത്തെറിച്ചു: 'ഞാൻ ഇവിടത്തെ—; എന്താ നെനക്ക് ചേതം?' അവൾ പാവമാണെന്ന് സ്വയം മനസ്സിലാക്കി അവൻ പറഞ്ഞു. 'ഞാൻ കോന്നോത്തു ഉണ്ണ്യാരുടെ മകനാ. ഞാനും ൻറമ്മീം ഇവ്ടത്താ.' അതോടെ അവരൊന്നായി. ആരുപോരുമില്ലാത്തവർ. അവർ എല്ലാം മറന്ന് സുഖമായിരുന്നു തുള്ളലിൻെറ തയ്യാറെടുപ്പുകൾ കണ്ടു രസിച്ചു.

## 13.3 പദാർത്ഥബോധനം

1. ഉച്ചആയപ്പോഴേയ്ക്കും:-

   ഉച്ച മദ്ധ്യാഹ്നം. ആ സമയം ആയ സന്ദർഭത്തിൽ എന്നാണർത്ഥം. 'ആയ' 'ആവുക' എന്ന ക്രിയയുടെ പേരെച്ചമാണ്. ആ + പൊഴുത് ആണു അപ്പോൾ. പൊഴുതിന് സമയം എന്നാണർത്ഥം. ആ പൊഴുത് അപ്പോൾ എന്നായിത്തീരുന്നു.

   ആയ + അപ്പോൾ — ആയപ്പോൾ. ലോപസന്ധി

   ഉച്ച ആയപ്പോൾ എന്ന പ്രയോഗം അർത്ഥം നൽകാൻ പര്യാപ്തമാണ്. അതിനോടൊപ്പം 'ഏ' എന്ന പ്രത്യയം ചേർക്കുന്നു. ഇത് അവധാരണാർത്ഥമായ ഒരു നിപാതമാണ്. അതിനുമേൽ 'ക്ക്' എന്ന പ്രത്യയം ചേർക്കുന്നു. ഇതിന്

ഉദ്ദേശികാ പ്രത്യയത്തിന്റെ അർത്ഥമില്ല. അതിനുമേൽ ചേർക്കുന്ന 'ഉം' ആകട്ടെ സമുച്ചയമായ 'ഉം' അല്ല. ഇതൊക്കെ ചേർക്കുന്നത് അർത്ഥത്തിൽ അതിസൂക്ഷ്മമായ വ്യത്യാസങ്ങൾ ഉണ്ടാക്കാനാണ്.

ഉച്ചയായപ്പോൾ വന്നു.
ഉച്ചയായപ്പോഴെ വന്നു.
ഉച്ചയായപ്പോഴേയ്ക്കു വന്നു.
ഉച്ചയായപ്പോഴേയ്ക്കും വന്നു.

ഇവ തമ്മിലുള്ള അർത്ഥവ്യത്യാസം മനസ്സിലാക്കാവുന്നതേയുള്ളു.

2. **തെക്കിനി:—** നാലുകെട്ടിലെ തെക്കെകെട്ട്. ദക്ഷിണി പദവുമായി ബന്ധം.

3. **വടക്കിനി:—** തെക്കേ കെട്ടിനു തെക്കിനി എന്നു വരുമ്പോൾ, വടക്കേ വശത്തെ കെട്ടിനു വടക്കിനി എന്നു വരും. തെക്കിനി ദക്ഷിണപദത്തിന്റെ തൽഭവമാണ്. തെക്കിനിക്കു നേരായി വടക്കിനി പ്രയോഗിക്കുന്നു. ഇതിനെ വടക്കിനേത് എന്നു ചുരുങ്ങി വന്നതാണ് എന്ന് ശബ്ദതാരാവലി നിഷ്പാദിപ്പിക്കുന്നു.

4. **ഉമ്മറത്തും, ഇറയത്തും:—** ഉമ്മറം, ഉംബരം എന്നു സംസ്കൃതപദത്തിന്റെ തൽഭവം. വാതിലിന്റെ മുകൾപടി എന്നാണ് സംസ്കൃത പദത്തിന്റെ അർത്ഥം. ഉമ്മറത്തിന് സാധാരണ ഉമ്മരം എന്നും പ്രയോഗമുണ്ട്. വീടിന്റെ മുൻഭാഗം എന്നും അർത്ഥം വരാം. ഇമ്മറത്തു വയ്ക്കുക എന്ന പദത്തിന് വാതിലിന്റെ മുകൾപടിയിൽ വയ്ക്കുക എന്നർത്ഥം. 'അത്ത്' ആധാരികാവിഭക്തിയുടെ അർത്ഥം നൽകുന്നു. ഇറയത്ത് അതുപോലെ ആധാരികാ വിഭക്തിയുടെ അർത്ഥം വഹിക്കുന്നു. ഇറയം വരാന്തയാണ്.

5. **അനന്തിരവൻ:—** ശേഷക്കാരൻ എന്നർത്ഥം. മരുമക്കത്തായ വ്യവസ്ഥിതിയിൽ അമ്മാവന്റെ കാലശേഷം വസ്തുവകകളും അധികാരവും ലഭിക്കുന്നത് ഭാഗിനേയനാണ്. ശേഷക്കാരൻ എന്നു പറയുമ്പോഴും അർത്ഥം അതുതന്നെ. തനിക്കുശേഷം അധികാരം നടത്തേണ്ടവൻ എന്നർത്ഥം.

6. **എട്യേ:—** എടി + ഏ —എടിയേ എന്നു സംബോധന. എടി എന്നർത്ഥം സംബോധന തന്നെ. എടി എന്നതില 'ഇ' സ്ത്രീലിംഗ പ്രത്യയമാണെന്നും സംബോധനാർത്ഥം നൽകാൻ 'ഏ' ചേർക്കണമെന്നുമുള്ള ധാരണയാണ് ഈ രൂപത്തിന് അടിസ്ഥാനം. 'എടിയേ' എന്ന സന്ധിരൂപം ഉച്ചാരണത്തിൽ ചുരുങ്ങി എട്യേ എന്നാകുന്നു.

7. **കൊണ്ടുപോയി:—** കൊണ്ടു + പോയി — കൊണ്ടുപോയി എന്നു രൂപം. സാധാരണ രീതിയിൽ സന്ധിവിശേഷം ഇല്ല. ഉച്ചാരണത്തിലുള്ള സൗകര്യം പ്രമാണിച്ച് 'കൊണ്ടോയി' ആയി ചുരുങ്ങുന്നു.

8. **വേണ്ടപ്പെട്ടവർ:—** വേണ്ട + പെട്ട + അവർ — വേണ്ട — ആവശ്യമുള്ളവരിൽപ്പെട്ടവർ ബന്ധുക്കൾ എന്നർത്ഥം.

9. **ചെറിയമ്മ:—** ചെറിയ + അമ്മ

ചെറിയമ്മ + ഉടെ — ചെറിയമ്മയുടെ. അത് ചെറ്യമ്മേടെ എന്നാകുന്നു. സംസാര ഭാഷയിൽ വരുന്ന വർണ്ണ പരിണാമം.

10. **വാലിയക്കാർ:—** ഭൃത്യർ എന്നർത്ഥം. ബാല്യക്കാർ എന്നതിന്റെ തൽഭവത്തിൽ 'ബ' 'വ' യാവുകയും, 'ല്യ' എന്നത് 'ലിയ' എന്നാവുകയും ചെയ്യുന്നു.

11. **സന്ത്യാംമ്പോ:—** സന്ധ്യ ആകുമ്പോൾ — സന്ധ്യയാകുമ്പോൾ സാഹിത്യഭാഷയിലെ ഈ ലോപം സംസാരഭാഷയിൽ പലതരം മാററങ്ങളോടെ പ്രയോഗിക്കപ്പെടുന്നു. സന്ധ്യ, സന്ത്യയും, ആകുമ്പോൾ 'ആമ്പോ'യും ആകുന്നു.

12. **പാമ്പുണ്ട്:—** സംസാരഭാഷയിൽ വർണ്ണങ്ങൾ നഷ്ടപ്പെടുന്നു.

പാമ്പ് + ഉണ്ട് — പാമ്പുണ്ട്.

13. **കുററപ്പെടുത്തി:—** കുററ + പെടുത്തി, കുററ ഒരു നാമപദമാണ്. 'പെടു' രൂപത്തിന്റെ പ്രയോജക രൂപമാണ് 'പെടുത്തി'. രണ്ടുംകൂടി ഒരുമിച്ചുചേർന്ന് ഒരു ക്രിയാ പദമായി. അകപ്പെടുക, കീഴ്പ്പെടുക എന്നിങ്ങനെയുള്ള രൂപങ്ങൾ 'പെടുക' എന്ന രൂപത്തെ കൂട്ടിച്ചേർക്കുന്നു.

14. **ഓലക്കൊടീം:—** ഓല + കൊടി + ഉം — ഓലക്കൊടയും. ഇതിന്റെ സംഭാഷണ ഭാഷയിലെ രൂപം. 'കൊടിയും' എന്നത് കൊടീം എന്നാകുന്നത് ആണ് മാററം.

15. **പടംണ്ടോ:—** പടം ഉണ്ടോ: ഇതിന്റെ സംഭാഷണ രൂപം.

16. **മിന്നണ്ണ്ട്:**— മുന്നുന്നു + ഉണ്ട്. സംഭാഷണരൂപം.

17. **ചിത്തല്യ:**— ശുദ്ധം + ഇല്ല. സംസ്കൃതത്തിലെ 'ശുദ്ധ' ശബ്ദത്തിന് ചിത്തം എന്ന് തൽഭവം. ഇല്ല എന്നതും ഇല്യ എന്ന പ്രാദേശിക രൂപമാകുന്നു.

18. **തുണക്കാർ:**— തുണ ചെയ്യുന്നവർ സഹായികൾ എന്നർത്ഥം. നാമപദങ്ങളോട് 'കാർ' പ്രത്യയം ചേർത്ത് 'അതുചെയ്യുന്നവർ' എന്ന അർത്ഥത്തിൽ രൂപമുണ്ടാവുന്നു. വലിക്കാർ, വള്ളക്കാർ എന്നിവ മററുദാഹരണങ്ങൾ.

19. **പൊടുന്നനെ:**— പൊടുന്നനവെ എന്ന രൂപമുണ്ട്.

20. **പുലി പുലിപോലത്ത ആളല്ലേന്നു:**— പുലി പുലിപോലുള്ള ആളല്ലായിരുന്നു. 'പോലത്ത', പോലത്തെ എന്നാണ് സാധാരണ പ്രയോഗം. 'ആളല്ലേന്നു' എന്നത് നിഷേധാർത്ഥത്തിലുള്ള പ്രയോഗമല്ല. 'അങ്ങനെയുള്ള ആളായിരുന്നില്ലേ' എന്ന അർത്ഥം ഉണ്ടാക്കുന്നു.

21. **ഞാൻള്ളകാലത്ത്:**— ഞാൻ + ഉള്ള + കാലത്ത്. ഞാൻ + ഉള്ള ഞാൻള്ള സംഭാഷണഭാഷയിലെ വ്യത്യാസം. കാലത്ത് എന്നത് സമയത്ത് എന്നർത്ഥം.

22. **തിരണ്ടുകല്യാണത്തിനു:**— പെൺകുട്ടികൾ ഋതുമതിയാകുമ്പോൾ നടത്തുന്ന ആഘോഷം 'തിരളുക' എന്നതിന് വർദ്ധിക്കുക, പ്രായമാകുക എന്നാണർത്ഥം.

## പുരോഗതി സ്വയം പരിശോധിക്കുക-1

1) 1. കഥാസാഹിത്യം എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുവാനാണ് ഉപയോഗിക്കുന്നത്?

2. ഫിക്ഷൻ എന്നാലെന്ത്?

3. ഭാരതത്തിലെ അതിപ്രസിദ്ധരായ മൂന്നു പ്രാചീന കഥാസാഹിത്യകാരന്മാർ ആരാണ്?

4. കഥയും നോവലും സഹൃദയരുടെ ശ്രദ്ധ പിടിച്ചു പററുന്നതെങ്ങനെ?

5. കഥ ആസ്വാദ്യമാകുന്നതെപ്പോൾ?

6. ഒരു നോവൽ സാഹിത്യസൃഷ്ടിയായി തീരുന്നതെങ്ങനെ?

7. കേസരി ബാലകൃഷ്ണപിള്ള ആരാണ്?

8. ഒരു നോവലിസ്ററ് ശ്രദ്ധേയനാകുന്നത് ഇതിവൃത്തഘടനകൊണ്ടാണോ പാത്രസൃഷ്ടികൊണ്ടാണോ?

9. വർണ്യവസ്തുവിന് പ്രാധാന്യം കൊടുക്കുന്ന എഴുത്തുകാരെ എങ്ങനെ വിശേഷിപ്പിക്കുന്നു?

10. സ്ഥലകാല ക്രിയാംശങ്ങളെ സംബന്ധിച്ച ഐക്യം നോവലിൽ ഉണ്ടായിരിക്കണമെന്നുണ്ടോ?

## 13.4 വിഷയാവതരണം

കഥയെഴുതാൻ യോഗ്യമല്ലാത്ത ഒരു വിഷയവും ലോകത്തിലില്ല എന്ന് വിശ്വസിക്കുന്ന കഥാകൃത്താണ് ടി. പത്മനാഭൻ. മലയാളകഥയ്ക്ക് കാല്പനിക സൗന്ദര്യവും കരുത്തും നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജെയിംസ് ജോയ്സ്നോട് തനിക്കുള്ള കടപ്പാട് തുറന്നു പറയുന്നതോടൊപ്പം താൻ ഒരു അനുകരണക്കാരനല്ല എന്ന് ആണയിട്ടു പറയാനും ടി. പത്മനാഭൻ മടിക്കുന്നില്ല. അദ്ദേഹം സ്വയം അവകാശപ്പെടുന്നതുപോലെ അദ്ദേഹത്തിന്റെ കഥകൾ മലയാള കഥാസാഹിത്യശാഖയെ കൂടുതൽ സംപുഷ്ടമാക്കാൻ സഹായകമായിട്ടുണ്ട്. ബാഹ്യമായ സംഭവവർണ്ണനകളിൽ അദ്ദേഹത്തിന് താല്പര്യമില്ല. കഥയിലെ സംഭവങ്ങൾ കഥാപാത്രങ്ങളുടെ വിചിത്രമായ അനുഭൂതി മണ്ഡലങ്ങളിലേയ്ക്കുള്ള കവാടങ്ങളാണ്. അദ്ദേഹത്തിന്റെ കഥകൾ ഭാവഗീതംപോലെ ഹൃദയദ്രവീകരണക്ഷമമാണ്. തെരഞ്ഞെടുത്ത കഥകളിൽ സമാഹരിച്ച ഓരോ കഥയും ഇതിന് തെളിവാണ്. ശ്രീ. എം. കൃഷ്ണൻ നായർ അദ്ദേഹത്തെ വിലയിരുത്തിയിട്ടുള്ളത് ശ്രദ്ധിക്കുക:—

ടി. പത്മനാഭന്റെ ചെറുകഥകൾ പലപ്പോഴും റിയലിസത്തിൽനിന്നു പൊയററിക്ക് റിയലിസത്തിലേയ്ക്ക് ഉയരുന്നു. 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന ചെറുകഥയിൽ പത്മനാഭൻ വസ്തു നിഷ്ഠങ്ങളായ യാഥാർത്ഥ്യങ്ങളെ

ചിത്രീകരിച്ച് കർത്തൃനിഷ്ഠങ്ങളായ വസ്തുക്കളെ സ്ഫുടീകരിക്കുന്നു. ഇക്കഥയിലെ നഗരവും സിനിമാശാലയും വാസ്തവിക ലോകമാണ്. അത് ജനിപ്പിക്കുന്ന ആദർശാത്മകലോകം കഥ പറയുന്ന ആളിന്റെ മനസ്സിലുണ്ട്. ആ ആദർശാത്മകമായ ലോകത്തിലേക്ക് പ്രവേശിക്കാൻ നിങ്ങൾക്ക് താല്പര്യമില്ലേ?

## പാഠം-2 പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി

വരിവരിയായി നില്ക്കുന്ന കാററാടിമരങ്ങളിലൊന്നിന്റെ ചുവട്ടിലാണ് ഞാനിരിക്കുന്നത്.

എന്റെ മുമ്പിൽ ഇടിഞ്ഞുപൊളിഞ്ഞ ഒരു കോട്ടയാണ്. കടലിലേയ്ക്കു തള്ളിനില്ക്കുന്ന ഒരു പാറമേലാണ് കോട്ട. ആര് പണിതുവെന്നോ, എപ്പോൾ പണിതുവെന്നോ ഒന്നും എനിക്കു നിശ്ചയമില്ല. ഒരുപക്ഷേ, ഈ ഭൂമി ഉണ്ടായ നാൾമുതല്ക്കേ ഈ കോട്ടയും ഇവിടെ ഉണ്ടായിരിക്കാം. എന്റെ ചെറുപ്പത്തിൽ എനിക്കങ്ങിനെ തോന്നിയിട്ടുണ്ട്. ഇന്നും അങ്ങിനെ തോന്നുന്നു.

ഓർമ്മവെച്ച നാൾമുതല്ക്കേ ഞാൻ ചുററിത്തിരിയാൻ തുടങ്ങിയിരിക്കയാണ്. അനുഭവങ്ങളുടെ വിഴുപ്പുഭാണ്ഡവും പേറി ജീവിതത്തിന്റെ ദ്ർഘമങ്ങളായ വഴികളിലൂടെ ഞാൻ സഞ്ചരിക്കുന്നു. പല നാടുകളും കണ്ടു; പലരുമായി ഇടപഴകി. പക്ഷേ, അസ്വസ്ഥമായ എന്റെ മനസ്സിനു സമാധാനം ലഭിച്ചുവോ?

ഇല്ല!

എങ്കിലും ഈ പഴയ നഗരത്തിലേയ്ക്ക് തിരിച്ചുവരുമ്പോഴൊക്കെ എന്തെന്നില്ലാത്ത ഒരാശ്വാസം എനിക്കു ലഭിക്കാറുണ്ട്. നൂററാണ്ടുകൾക്കുമുമ്പ് ഞാൻ വിട്ടുപിരിഞ്ഞ എന്റെ അമ്മയാണ് ഈ നഗരം. ഇവിടത്തെ ഇടുങ്ങിയ തെരുവുകളും, വലിയ മൈതാനവും, അമ്പലവും, പള്ളിയും, എല്ലാററിന്നുമുപരിയായി ഈ ഇടിഞ്ഞുപൊളിഞ്ഞ കോട്ടയും, എന്റെ സ്വന്തമാണെന്ന് എനിക്കു തോന്നുന്നു.

ഇവിടത്തെ ഓരോ മണൽത്തരിയും എനിക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്.

ഇവിടെവെച്ചാണ് ഞാൻ ഒരു കൊല്ലം മുമ്പ് ഒരു പുതിയ മനുഷ്യനായതും.

മറയാൻപോകുന്ന സൂര്യന്റെ രശ്മികൾ കാററാടിയുടെ തൂങ്ങിക്കിടക്കുന്ന ചില്ലകളിലൂടെ കടന്നുവരുമ്പോൾ ആളുകൾ കടല്ക്കരയിൽനിന്നു മടങ്ങുകയായിരുന്നു. കുറച്ചുപേരെ ഉണ്ടായിരുന്നുള്ളു. ഉള്ളവരിലധികവും പ്രായംകൂടിയവരായിരുന്നുതാനും. മഞ്ഞുവീഴുന്നതിനുമുമ്പെ വീട്ടിലെത്തണമെന്ന നിർബ്ബന്ധത്തോടെയാണ് അവർ നടന്നിരുന്നത്. കഴുത്തിൽ മഫ്ളർ ചുററിക്കെട്ടി, വലിയ ചൂരൽവടികൾ ചുഴററിക്കൊണ്ട് അവർ എന്നെ കടന്നുപോയി. ചെറുപ്പക്കാർക്ക് ഒരു ബദ്ധപ്പാടും കണ്ടില്ല. കൈകോർത്തുപിടിച്ചും, തോളോടുതോളുരുമ്മിയും അവർ പതുക്കെ നടന്നകന്നപ്പോൾ, എന്തുകൊണ്ട് ഇരുട്ട് വേഗം പരക്കുന്നില്ല എന്ന വിഷാദമേ അവർക്കുള്ളുവെന്ന് എനിക്കു തോന്നി.

അവരാരും എന്നെ ശ്രദ്ധിച്ചില്ല.

പക്ഷേ, ഞാൻ അവരെ സൂക്ഷിക്കുന്നുണ്ടായിരുന്നു.

കുറെ മുമ്പായിരുന്നുവെങ്കിൽ ഞാൻ അവരെ നോക്കി അസൂയപ്പെട്ടേനെ. ഒരു നെടുവീർപ്പോടെ പറഞ്ഞുവെന്നും വരും.

''ആഹ്ളാദിക്കാൻമാത്രം പിറന്ന ഭാഗ്യശാലികൾ!''

ആഹ്ളാദം!

എനിക്കു ചിരിവരുന്നു.

കാരണമുണ്ട്. എനിക്കറിയാം, അവരിൽ വലിയൊരു ഭാഗം ആഹ്ളാദിക്കുവാൻ കഴിയാത്തവരാണെന്ന്. കൃത്രിമമായ ഒരാവരണമണിഞ്ഞുകൊണ്ട് അവർ എവിടേയ്ക്കോ ഒഴുകിപ്പോവുകയാണ്. ആത്മവഞ്ചനയുടെ ഏതു വൈതരണീയിലേയ്ക്കോ! ഒന്നിനോടും അവർ ബന്ധം സ്ഥാപിക്കുന്നില്ല; ഒന്നിനോടും ബന്ധം സ്ഥാപിക്കാൻ അവർക്കു കഴിയുകയുമില്ല.

മനുഷ്യന്റെ കെട്ടുപിണഞ്ഞു കിടക്കുന്ന ബന്ധങ്ങളെക്കുറിച്ച് ഞാനാലോചിച്ചു. പണ്ടും, പലപ്പോഴും, അങ്ങിനെ ആലോചിച്ചിട്ടുണ്ട്. എങ്കിലും അന്നൊന്നും അവ അഴിച്ചുനീക്കുവാൻ കഴിയുന്ന കുരുക്കുകളാണെന്നു മനസ്സിലായിരുന്നില്ല.

പക്ഷേ, ഇന്നെനിക്കു മനസ്സിലായോ?

ഞാൻ സ്വയം ചോദിച്ചു.

എന്റെ സ്വന്തം കുരുക്കുകൾ ഞാൻ അഴിച്ചുനീക്കിക്കഴിഞ്ഞുവോ?

ഹൃദയത്തിലെ പഴയ മുറിവ് വീണ്ടും പൊട്ടി ചോര കിനിയുവാൻ തുടങ്ങി.

എന്റെ മനസ്സ് അസ്വസ്ഥമാവുകയാണ്.

അപ്പോൾ—അപ്പോഴാണ് ആ ശബ്ദം കേട്ടത്. ആരോ പൊട്ടിച്ചിരിക്കുന്നു. ഞാൻ തിരിഞ്ഞുനോക്കി.

പ്രകാശം പരത്തുന്ന ആ പെൺകുട്ടി! ഞാൻ അത്ഭുതപ്പെട്ടില്ല; അവളെ ഞാൻ എപ്പോഴും എവിടേയും പ്രതീക്ഷിക്കാറുണ്ട്. ഇരുട്ടു നിറഞ്ഞുകിടന്നിരുന്ന എന്റെ ജീവിതത്തിൽ ഒരു കൊള്ളിമീനിനെപ്പോലെ അവൾ പെട്ടെന്നു മിന്നിമറിയുകയാണുണ്ടായത്. മായാത്ത ഒരോർമ്മയായി അവൾ അവശേഷിക്കുകയും ചെയ്തു. എന്റെ ആത്മാവിൽ, എന്നുതന്നെ പറയട്ടെ. അവളെ ഞാൻ വീണ്ടും കാണുകയാണ്.

എന്റെ ശരീരത്തിലെ ഓരോ അണുവും ത്രസിച്ചു. അവളുടെ കൂടെ അവളുടെ അനുജത്തിയും അനുജനുമുണ്ടായിരുന്നു. രണ്ടു പേരേയും കൂട്ടി പൂഴിവിരിച്ച നടപ്പാതയിലൂടെ അവൾ നടന്നു വരികയാണ്. പാവാടയ്ക്കു പുറമെ റെയിൻബോ ജോർജററിന്റെ ഒരു ദാവണികൂടി അവൾ ചുററിയിരുന്നു. അവൾ അല്പം വലുതായിട്ടുണ്ട്. ആ പയ്യൻ ചരടിൽ കെട്ടിയ ഒരു തകരവിമാനം ഉറക്കെ കറക്കിക്കൊണ്ടിരുന്നു.

എന്തോ പറഞ്ഞ് അവൾ ഉറക്കെ ചിരിച്ചു. വല്ല തമാശയുമായിരിക്കാം. അവരുടെ ലോകത്തിൽ തമാശയ്ക്കുമാത്രമേ സ്ഥാനമുള്ളു.

എന്റെ മുമ്പിലൂടെ കടന്നുപോയപ്പോൾ ഞാൻ അവളെ നല്ലപോലെ കണ്ടു. വിശുദ്ധിയുടെ കണ്ണാടിയായിരുന്നു ആ മുഖം. അതങ്ങിനെതന്നെ ആയിരിക്കുകയും ചെയ്യും.

സന്ധ്യയുടെ നേരിയ വെളിച്ചത്തിൽ ആ മരച്ചുവട്ടിൽ ഒരു ശിലാപ്രതിമപോലെ ഇരിക്കുന്ന എന്നെ കാണുമ്പോൾ അവൾ ഭയപ്പെട്ടുപോകുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നെ അവൾ നോക്കുമെന്ന് എനിക്കു നല്ല ഉറപ്പുണ്ടായിരുന്നു. പ്രത്യേകിച്ചു കാരണമുണ്ടായിട്ടൊന്നുമല്ല. അവൾ എന്നെ നോക്കും, അത്രതന്നെ!

ഞാൻ കാത്തുനില്ക്കുകയായിരുന്നു.

എന്റെ പ്രതീക്ഷ ശരിയായി. അവൾ എന്നെ നോക്കി. ഭയംകൊണ്ടു ചൂളിപ്പോകുന്നതിന്നു പകരം ആ കുട്ടി പുഞ്ചിരിച്ചു. അവൾ പേടിച്ചില്ല. എന്തിനാണ് പേടിക്കുന്നത്? ഞാനുമൊരു മനുഷ്യനല്ലേ? പക്ഷേ, എത്രപേരതറിയുന്നുണ്ട്?

സ്വതവേ മനോഹരമായ ആ മുഖം അപ്പോൾ കൂടുതൽ മനോഹരമായി. എന്തുകൊണ്ടോ എന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അതിർകവിഞ്ഞ ആനന്ദം നിമിത്തമായിരിക്കാം.

അവൾക്കെന്നെ മനസ്സിലായോ, എന്തോ?

കണ്ണിൽനിന്നു മറയുന്നതുവരെ ഞാൻ അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു.

കാററാടിയുടെ ചില്ലകളുടെ ഇടയിലൂടെ ചൂളംവിളിക്കുന്ന കാററും, കോട്ടയുടെ പാറക്കെട്ടിൽ വന്നടിക്കുന്ന തിരയും ആ പെൺകുട്ടിയുടെ പൊട്ടിച്ചിരി ആവർത്തിക്കുകയാണെന്ന് എനിക്കു തോന്നി.

അന്തിച്ചുവപ്പു പൂർണ്ണമായി മായുകയും ആകാശത്തിന്റെ കോണിൽ ഏതാനും നക്ഷത്രങ്ങൾ തെളിയുകയും ചെയ്തു. ഞാൻ അവിടെനിന്നെഴുന്നേററില്ല. മഞ്ഞണിഞ്ഞ പർവ്വതത്തിന്റെ ചരിവിൽ ധ്യാനലീനനായിരിക്കുന്ന ഒരു യോഗിയെപ്പോലെ ഞാൻ മരച്ചുവട്ടിൽ ഇരുന്നു. ഈറൻപിടിച്ച അന്തരീക്ഷം; ഇരുട്ടു; എങ്ങും വിങ്ങിനില്ക്കുന്ന മൂകത. കടൽപോലും തെല്ലടങ്ങിയിരിക്കയാണ്.

ആ പെൺകുട്ടിയെ ആദ്യമായി കണ്ടുമുട്ടിയ ദിവസം ഞാനോർത്തു.

നിഗൂഢമായ ഒരുദ്ദേശം ഹൃദയത്തിലൊളിച്ചുവെച്ചുകൊണ്ട് ഇവിടത്തെ തെരുവുകളിലൂടെ ഞാൻ അലയുകയായിരുന്നു. എന്നെ സ്നേഹിച്ചിരുന്ന ഏതാനും ചിലരെ രാവിലെത്തന്നെ ചെന്നുകണ്ടു. ഒരുതരത്തിലുള്ള മുന്നറിയിപ്പുമുണ്ടായിരുന്നില്ല. എന്റെ പെരുമാററം അവരെ അമ്പരപ്പിച്ചുവെന്നു തോന്നുന്നു. അവർ ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: ''വെറുതെ കണ്ടു പോകാൻ വന്നതാണ്. ഒരുപക്ഷേ അടുത്തൊന്നും ഇങ്ങോട്ടു വരാൻ തരപ്പെട്ടുവെന്നുവരില്ല.

എന്റെ ശബ്ദം അപ്പോൾ ഇടറിയിരുന്നു. എങ്കിലും ഞാൻ പറഞ്ഞത് അവർ വിശ്വസിച്ചു. ഒരിടത്തും സ്ഥിരമായി നില്ക്കുന്നവനല്ല ഞാനെന്ന് അവർക്കറിയാം.

നടന്ന വഴിയിലൂടെ വീണ്ടും നടന്നു. അമ്പലത്തിന്റെയും പള്ളിയുടേയും മുമ്പിലൂടെ പോയി. മൈതാനത്തിൽ കുറേനേരം ചെന്നിരുന്നു. അവിടെനിന്നെഴുന്നേററു വീണ്ടും ചുററുവാൻ തുടങ്ങി. ഒരു മുക്കും മൂലയും ഒഴിച്ചുവെച്ചില്ല. എല്ലായിടത്തും ചെന്നു.

ഒടുവിൽ തിയേറററിന്റെ മുന്നിലെത്തി. അവിടെ അല്പനേരം വെറുതെ നിന്നപ്പോഠം തോന്നി—എന്തുകൊണ്ടു സിനിമ കണ്ടുകൂടാ? സിനിമ ഞാൻ എപ്പോഴും ഇഷ്ടപ്പെട്ടിരുന്നു. എന്തിന്ന് അങ്ങിനെ സിനിമയെക്കുറിച്ചു മാത്രമായി പറയുന്നു? ഈ ലോകത്തിലുള്ള സുന്ദരങ്ങളായ എല്ലാ വസ്തുക്കളും എനിക്കിഷ്ടമായിരുന്നുവല്ലോ.

സന്ധ്യയോടുകൂടി കളി അവസാനിക്കും. അതിന്നുശേഷം വേണ്ടത്ര സമയമുണ്ട്. എവിടെ വേണമെങ്കിലും പോകാം. കീശയിൽ പണമുണ്ട്. ഹോട്ടലിൽ മുറിയെടുക്കുന്നതിന്ന് ഒരു മുടക്കവുമില്ല. വേണമെങ്കിൽ ഞാൻ താമസിക്കുന്നേടത്തേയ്ക്കു തന്നെ തിരിച്ചുപോകാം. അവിടെ എന്റെ കിടക്കയിൽ സുഖമായി കിടന്നതിന്നുശേഷം.......

ഞാൻ വിഷം കുടിച്ചു മരിക്കുവാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു.

എങ്ങിനെയാണ് അത്തരത്തിലുള്ള ഒരു തീരുമാനത്തിലെത്തിയത് എന്നതിനെക്കുറിച്ച് ഒന്നുംതന്നെ പറയുവാൻ എനിക്കു കഴിയുകയില്ല. എന്റെ ജീവിതത്തിൽ പിന്നിട്ട ഓരോ നിമിഷവും ഉല്ക്കടമായ വിഷാദവും നിരാശയും നിറഞ്ഞതായിരുന്നു. എന്നെ നശിപ്പിക്കുവാൻ തക്കം പാർത്തിരിക്കുന്നവരാണ് ഞാൻ കണ്ടുമുട്ടുന്ന ഓരോരുത്തരും എന്നായിരുന്നു എന്റെ വിശ്വാസം. അതിനാൽ ഞാൻ എല്ലാവരേയും വെറുക്കുകയും ഭയപ്പെടുകയും ചെയ്തു. സംശയത്തിന്റെ പടർന്നുകത്തുന്ന ഒരു പന്തം ഹൃദയത്തിൽ സദാ ആളിക്കൊണ്ടിരുന്നു.

എങ്കിലും കുറച്ചുപേരെ എല്ലാം മറന്ന് സ്നേഹിക്കുകയുണ്ടായി.

എന്റെ ബാല്യം ആനന്ദം നിറഞ്ഞ ഒരു സ്വപ്നംപോലെ കഴിഞ്ഞ ഒന്നായിരുന്നു.

അന്നേ തുടങ്ങിയിരുന്നു ആ വീർപ്പുമുട്ടൽ.

ഒടുവിൽ സഹിച്ചിരിക്കുവാൻ അല്പംപോലും കഴിയുകയില്ല എന്ന ഘട്ടം വന്നപ്പോഠം, ആത്മഹത്യ ചെയ്യുവാനുറച്ചു. മരണത്തോടുകൂടി ഏതു വേദനയാണ് അവസാനിക്കാത്തത്?

അന്ന്, വിഷം നിറച്ച ഒരു കുപ്പിയുമായി തിയേറററിൽ ചെന്നിരുന്നപ്പോഠം ഞാൻ സ്വയം പറഞ്ഞു: "നീ മരിക്കണം; എന്നാലേ നിനക്കു സുഖവും സ്വാതന്ത്ര്യവും ലഭിക്കുകയുള്ളു!"

ഏററവും പിറകിലുള്ള സീററിലായിരുന്നു ഞാനിരുന്നത്. 'മേററിനി'യായതിനാൽ ആളുകഠം കുറവായിരുന്നു. ഞാനതിൽ സന്തോഷിച്ചു. ഒരലട്ടലുംകൂടാതെ പടം കാണാമല്ലോ.

കളി തുടങ്ങാറായപ്പോഴേയ്ക്കും ഒരു പെൺകുട്ടിയും അവളുടെ പിന്നാലെ രണ്ടു ചെറിയ കുട്ടികളും കടന്നുവന്നു. അവർ വന്നതുതന്നെ വലിയ ശബ്ദമുണ്ടാക്കിക്കൊണ്ടായിരുന്നു. സാധാരണ കുട്ടികളിൽ കാണാറുള്ള ഉല്ക്കണ്ഠയോ പരിഭ്രമമോ ഒന്നുംതന്നെ അവരിൽ കണ്ടില്ല.

ആ പെൺകുട്ടി ഒരു മൂളിപ്പാട്ടു പാടി തിയേററർ മുഴുവൻ അലക്ഷ്യമായി കണ്ണോടിച്ചു.

അപ്പോഠം ഞാൻ പ്രാർത്ഥിക്കുകയായിരുന്നു: "ദൈവമേ ആ കുട്ടികളെ എന്റെ അടുക്കലേയ്ക്കയയ്ക്കരുതേ! ഈ അവസാന നിമിഷങ്ങളിൽ ഞാനനുഭവിക്കുന്ന സമാധാനം അവർ കെടുത്തും. ഈ തിയേറററിൽ വേണ്ടത്ര സ്ഥലമുണ്ട്. എവിടെയെങ്കിലും പോയി അവരിരിക്കട്ടെ. ഇവിടെ മാത്രം വേണ്ട."

ഞാൻ അങ്ങിനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കേ അവഠം എന്റെ അരികിലായി വന്നിരുന്നു. അവളുടെ പിന്നാലെ ആ രണ്ടു ചെറിയ കുട്ടികളും.

ഞാൻ അങ്ങോട്ടേയ്ക്കു നോക്കിയതേയില്ല.

എന്നെ ബുദ്ധിമുട്ടിക്കുവാനല്ലെങ്കിൽ പിന്നെ എന്തിന്ന് അവർ എന്റെ അടുക്കൽതന്നെ വന്നിരുന്നു?

ആ പെൺകുട്ടി തന്റെ അനുജത്തിയോടും അനുജനനോടും 'കലപില'യെന്നു തമിഴും മലയാളവും കലർന്ന ഭാഷയിൽ സംസാരിക്കാൻ തുടങ്ങി. വലിയ ധൃതിയിലായിരുന്നു. സംസാരിച്ചുകൊണ്ടിരിക്കേ പെട്ടെന്നതു നിർത്തി ഏതെങ്കിലുമൊരു പാട്ടിന്റെ രണ്ടു വരി മൂളുന്നതിലും അവഠം വലിയ മിടുക്കുകാണിച്ചു. ഇടയ്ക്കിടെ, ഒരു കാട്ടുചോല പാറക്കെട്ടിൽചെന്നടിച്ചു ചിന്നിച്ചിതറുന്നതുപോലെ, പൊട്ടിച്ചിരിക്കുകയും ചെയ്തു.

സിനിമയാരംഭിച്ചു.

ടെക്സാസിലെ വിശാലമായ പുൽമൈതാനങ്ങളിലൊന്നിൽ തങ്ങൾ സ്നേഹിക്കുന്ന ഒരു പെണ്ണിന്നുവേണ്ടി ചോരചിന്തുവാൻ രണ്ടു ചെറുപ്പക്കാർ തയ്യാറായി നില്ക്കുകയാണ്.

വെടി പൊട്ടുന്നു; മനുഷ്യൻ പിടഞ്ഞു വീഴുന്നു; കുതിരകൾ പായുന്നു; ആയിരക്കണക്കിനുള്ള പശുക്കളെ ശത്രുക്കൾ തെളിച്ചു കൊണ്ടുപോകുന്നു.....

എന്റെ അടുത്തിരുന്ന ആ പെൺകുട്ടിയും അപ്പോൾ ടെക്സാസിലെ ഒരു മേച്ചിൽനിലത്തായിരുന്നു. അവൾക്ക് സ്വസ്ഥത തീരെയുണ്ടായിരുന്നില്ല. ഒരു കുതിര മറിഞ്ഞുവീണപ്പോൾ ഉള്ളിൽ തട്ടിയ വ്യസനത്തോടെ അവൾ പറഞ്ഞു: ''പാവം!''

ഡേവിഡ്ഫാരറുടെ ബീഭത്സമായ മുഖം ക്ളോസപ്പിൽ കണ്ടപ്പോൾ അവൾ പറഞ്ഞുപോയി: ''ആയ്!''

അങ്ങിനെ പറഞ്ഞ് അവൾ സീററിന്റെ പിറകിലേയ്ക്കു വലിഞ്ഞു.

ഏതോ ഒരക്രമിയുടെ കൈയ്ക്ക് വെടികൊണ്ടപ്പോൾ അവൾ എന്നേക്കൂടി പിടിച്ചുകുലുക്കി.

''സബാഷ്! അങ്ങിനെ വേണം, അല്ലേ?''

യാതൊരു സ്തോഭവും പ്രകടിപ്പിക്കാതെ തിരശ്ശീലയിലേയ്ക്കുതന്നെ നോക്കിയിരിക്കുകയായിരുന്നു ഞാൻ.

എനിക്കാശ്ചര്യം തോന്നി, ചൈതന്യത്തിന്റെ ഒരു സ്ഫുലിംഗമായ ആ പെൺകുട്ടി!

ആ കുട്ടിയുടെ നേരെയുണ്ടായിരുന്ന നീരസം പതുക്കെപ്പതുക്കെ നീങ്ങിപ്പോയി..

അവൾ എന്റെ കൈയ്ക്ക് പിടിച്ചു ചോദിച്ചു:

''നിങ്ങൾ എനിക്കിതിന്റെ കഥ പറഞ്ഞുതരുമോ?''

ഞാൻ അവളുടെ മുഖത്തേയ്ക്കു സൂക്ഷിച്ചുനോക്കി. അവളുടെ മൂക്കുത്തിയിലെ വൈരംപോലെതന്നെ അവളുടെ മുഖവും തിളങ്ങുന്നു!

''പറയൂ, എനിക്കു പറഞ്ഞുതരില്ലേ? എനിക്കൊന്നും മനസ്സിലാകുന്നില്ല. ഞാനിക്കൊല്ലം ആറാംക്ളാസിലായിട്ടേയുള്ളു.''

അപ്പോൾ എനിക്കുണ്ടായ സന്തോഷം! ആദ്യമായിട്ടാണ് ഒരു കുട്ടി എന്നോട് അത്ര സ്നേഹത്തോടും സ്വാതന്ത്ര്യത്തോടും കൂടി ഒരു കാര്യമാവശ്യപ്പെടുന്നത്. ഞാനിട്ടിരുന്ന കുപ്പായം വിലകുറഞ്ഞതും കീറിയതുമായിരുന്നു. ഞാൻ മുടി ചീകിയിട്ടില്ല. ഷേവ് ചെയ്തിട്ടില്ല. എന്നിട്ടും, ഒരിംഗ്ളീഷ്സിനിമയുടെ കഥ പറഞ്ഞുകൊടുക്കുവാനുള്ള കഴിവ് എനിക്കുണ്ടെന്ന് ആ പെൺകുട്ടിക്കു തോന്നിയല്ലോ!

ഒരിക്കൽ അമ്മയുടെ കൂടെ ആസ്പത്രിയിൽ പോയപ്പോൾ ഒരു നേഴ്സ് ചോദിച്ചത് ഞാനോർത്തു:

''മകനാണ്, അല്ലേ?''

അമ്മ പറഞ്ഞു: ''അതേ.''

''ബീഡിപ്പണിയായിരിക്കും, അല്ലേ?''

അമ്മയ്ക്കെന്തെങ്കിലും പറയുവാൻ കഴിയുന്നതിന്നുമുമ്പു ഞാൻ പറഞ്ഞു: ''അതേ.''

പക്ഷേ ആ നേഴ്സ് പ്രായംചെന്നവളായിരുന്നു.

എന്റെ അരികിൽ എന്റെ കഴിവിൽ വിശ്വാസമർപ്പിച്ചുകൊണ്ടിരിക്കുന്നത് ഒരു കൊച്ചു പെൺകുട്ടിയാണ്! എന്നും സൂര്യപ്രകാശവും പനിനീർപ്പൂക്കളുമുള്ള ഒരു ലോകത്തിലാണ് അവൾ ജീവിക്കുന്നത്. അവിടെ ഇരുട്ടുമൂടി, മുള്ളുനിറഞ്ഞുകിടക്കുന്ന മൂലകളേയില്ല.

ഞാനവൾക്കു കഥ പറഞ്ഞുകൊടുത്തു.

കളി പകുതി കഴിഞ്ഞപ്പോൾ ഞാൻ കേൾക്കുവാൻവേണ്ടി അവൾ മനോഹരമായ ഒരു പാട്ടുപാടി. അതിലെ ഒരു വരി ഇങ്ങിനെയായിരുന്നു.

''ചന്ദാരെ ജാരെ ജാരെ.......''

പാട്ട് അസ്സലായെന്നു പറഞ്ഞപ്പോൾ അവൾ പറയുകയുണ്ടായി: ''അച്ഛന്നും എന്റെ പാട്ട് വലിയ ഇഷ്ടമാണ്.''

അനുജൻെറ കീശയിൽനിന്ന് ഒരു ചോക്കലേററ് പാക്കററെടുത്ത് അവഠം പൊളിച്ചു. എനിക്കും തന്നു.

മരിക്കാൻപോകുന്ന എനിക്കാണ് അവഠം ചോക്കലേററു സല്ക്കരിക്കുന്നതെന്നോർത്തപ്പോഠം ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഞാൻ പറഞ്ഞു: ''വേണ്ട; എനിക്കു വേണ്ട.'' എങ്കിലും അവഠം വിട്ടില്ല.

''അതെന്തേ, നിങ്ങഠം ചോക്കലേററു തിന്നില്ലേ?''

''നിങ്ങഠംക്കിഷ്ടമല്ലേ? എനിക്കിഷ്ടമാണ്. അമ്മ എപ്പോഴും എനിക്ക് ചോക്കലേററ് തരും. നിങ്ങളുടെ അമ്മ നിങ്ങഠംക്ക് ചോക്കലേററ് തരാറുണ്ടോ?''

എൻെറ അമ്മ എനിക്കു ചോക്കലേററു തരാറുണ്ടോ എന്ന്! ഒരുപക്ഷെ, അവഠം വിചാരിച്ചിരിക്കും, ഞാനും ഒരു കുട്ടിയാണെന്ന്.

അവളുടെ നിർബ്ബന്ധത്തിനു വഴങ്ങിയ ഞാൻ ചോക്കലേററു തിന്നു.

സിനിമയവസാനിച്ചപ്പോഠം അവഠം പറഞ്ഞു:

''ഇപ്പോഴൊന്നും തീരണ്ടായിരുന്നു!''

ഞങ്ങഠം പുറത്തിറങ്ങി. സന്ധ്യയാകാറായിരുന്നു.

അവഠം ചോദിച്ചു: ''നിങ്ങഠം ഇനി എപ്പോഴാണ് സിനിമയ്ക്കു വരിക?''

ഞാനൊന്നും പറഞ്ഞില്ല.
''അടുത്താഴ്ച വരുമോ?''

''എന്താ വരാൻ കഴിയില്ലെ?''

എനിക്കു തമാശ തോന്നി. ഞാൻ പറഞ്ഞു: ''അമ്മ സമ്മതിച്ചാൽ വരും!''

അവഠം പൊട്ടിച്ചിരിച്ചു: ''അമ്മയോടു പറയണം, ഞാനും വരുന്നുണ്ടെന്ന്.''

എനിക്കു ചിരിക്കുവാൻ കഴിഞ്ഞില്ല.

അനുജത്തിയും അനുജനും പോകാൻ തിരക്കു കൂട്ടുകയാണ്.

ആ പെൺകുട്ടിയെ വിട്ടുപിരിയുന്നതിൽ എനിക്കു സങ്കടം തോന്നി.

അവഠം പറഞ്ഞു: ''ഞാൻ കാത്തിരിക്കും.''

ഞാൻ വെറുതെ മൂളി: ''ഓ.''

''ചിരിയോ!''

''ഗുഡ്ബൈ!''

ആ കുട്ടികളേയും കൂട്ടി അവഠം പോയി.

ഞാൻ അവളെത്തന്നെ നോക്കിനിന്നു. അവഠം വളർന്നു വലുതാകുന്നതും വിവാഹിതയാകുന്നതും ഞാൻ കണ്ടു.

എൻെറ ഹൃദയം വേദനിച്ചു. ഞാൻ ഏകാകിയാണ്. ഞാൻ ദുഃഖിതനാണ്. പക്ഷേ, അടുത്ത നിമിഷംതന്നെ ഞാനോർമ്മിച്ചു.: ആ കുട്ടി സ്വയം സന്തോഷിക്കുകയും മററുള്ളവർ സന്തോഷിക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവളാണ്.

ഞാൻ തനിച്ചു വീട്ടിലേയ്ക്കു നടന്നു. ഒരിരുട്ടറയിൽ ഏറെ നേരം ശ്വാസംമുട്ടിക്കിടന്നതിന്നുശേഷം തുറന്ന ഒരു മൈതാനത്തിലേയ്ക്ക് കടന്നുചെന്നപോലെയുള്ള ഒരനുഭവം! മനസ്സിൽ ഞാനറിയാതെതന്നെ ഒരു പരിവർത്തനം നടക്കുകയായിരുന്നു.

അന്നു രാത്രി ഞാൻ വിഷം കുടിച്ചു മരിച്ചില്ല.

അതിന്നുശേഷം ഒരു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഞാൻ വീണ്ടും പഴയപോലെ ഒരിടത്തും സ്ഥിരമായി നില്ക്കാതെ കഴിഞ്ഞുകൂടുകയാണ്. ഇപ്പോഠം മററുള്ളവർ എന്താണ് എന്നെപ്പററി പറയുന്നതെന്നറിവാൻ ഞാൻ ആഗ്രഹിക്കാറില്ല. എന്തു വേണമെങ്കിലും പറയാം. ഒരാക്ഷേപവുമില്ല.

കഴിഞ്ഞുപോയതൊക്കെ ഒരു പുകപോലെ മാത്രമേ കാണുവാൻ കഴിയുന്നുള്ളു. അതിൽ യുക്തിക്ക് യാതൊരു സ്ഥാനവുമില്ല. ഒരു സമാധാനമേയുള്ളു— മനുഷ്യൻെറ ജീവിതത്തിൽ യുക്തിക്ക് വിശദീകരിക്കാൻ കഴിയാത്ത പലതും സംഭവിക്കാറുണ്ടല്ലോ.

മഞ്ഞ് നല്ലപോലെ വീണുതുടങ്ങി. ഞാൻ പോവുകയാണ്.

പ്രകാശം പരത്തുന്ന ആ പെൺകുട്ടിയെ വീണ്ടും കണ്ടുമുട്ടാതിരിക്കില്ല. ഒരുപക്ഷേ, നാനൂറോ അഞ്ഞൂറോ കൊല്ലങ്ങൾക്കുശേഷമായിരിക്കാം. ഞാനടക്കമുള്ള എല്ലാ മനുഷ്യരും വഴിത്തിരിവിൽ സംശയിച്ചു നില്ക്കുകയായിരിക്കും. അപ്പോഴാണ് ......നീ പോയ്ക്കളയരുതേ!

## 13.5 പാഠസംഗ്രഹം

പ്രാചീനമായ കോട്ടയ്ക്കുമുമ്പിൽ കാററാടി മരങ്ങളുടെ ചുവട്ടിലിരുന്ന് ഗതകാലസ്മരണകൾ അയവിറക്കുകയാണയാൾ. അനുഭവങ്ങളുടെ വിഴുപ്പു ഭാണ്ഡവുമായി ദുർഗ്ഗമങ്ങളായ വഴികളിലൂടെ നടന്നു അയാൾ ഇവിടെയും എത്തി. പണ്ടൊരിക്കൽ, അയാളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. അയാൾ ഗൃഹാതുരനാണ്. ഈ നഗരം അയാൾക്ക് അമ്മയാണത്രേ. തനിക്ക് പ്രിയപ്പെട്ടതിനോടെല്ലാം വിട പറഞ്ഞ് മരണത്തിൻെറ മടിത്തട്ടിൽ വീണുറങ്ങാനാണയാൾ നിശ്ചയിച്ചിരുന്നത്. മരണവുമായുള്ള വേഴ്ചയ്ക്ക് മുമ്പ് അയാൾ ഒരു സിനിമ കാണുവാൻ നിശ്ചയിച്ചു. തിയേററിൽ ഏകനായിരിക്കുമ്പോൾ ഒരു പെൺകുട്ടി അവിടെ കടന്നുവന്നു. അവളുടെകൂടെ അവളുടെ സഹോദരനും സഹോദരിയും ഉണ്ടായിരുന്നു. തമിഴ്ച്ചുവകലർന്ന മലയാളത്തിൽ സംസാരിച്ചുകൊണ്ട് ആ കുട്ടികൾ അവിടെയിരുന്നു സിനിമ കുട്ടികളെ ഹരം പിടിപ്പിച്ചു. പക്ഷെ ആറാംക്ളാസ് കാരിയായ പെൺകുട്ടിയ്ക്ക് കഥമുഴുവൻ മനസ്സിലാകുന്നുണ്ടായിരുന്നില്ല. കഥ പറഞ്ഞു തരാമോ എന്ന് അവൾ ചോദിച്ചു. അയാൾ അവളെ സൂക്ഷിച്ചുനോക്കി. മൂക്കുകുത്തിയണിഞ്ഞ ആ മുഖം പ്രസന്നമായിരുന്നു. സിനിമ തീർന്നപ്പോൾ അവൾക്ക് ദുഃഖം തോന്നി. അതു തീരരുതായിരുന്നെന്ന് തോന്നി. ഇനി നിങ്ങൾ സിനിമയ്ക്കുവരുമോ എന്ന് അവൾ ചോദിച്ചപ്പോൾ അയാൾ മൂകനായിരുന്നു. അവൾ കുത്തികുത്തി ചോദിച്ചപ്പോൾ അയാൾ പറഞ്ഞു. ''അമ്മ സമ്മതിച്ചാൽ വരും.'' അതുകേട്ട് അവൾ പൊട്ടിച്ചിരിച്ചു. ''അമ്മയോട് പറയണം ഞാനും വരുന്നുണ്ടെന്ന്,'' എന്നവൾ ചിരിച്ചുകൊണ്ട് പറഞ്ഞു. അവളുടെ സഹോദരങ്ങൾ പോകാൻ തിരക്കുകൂട്ടുകയായിരുന്നു. അവളെ വിട്ടുപിരിയാൻ അയാൾക്ക് പ്രയാസം തോന്നി. 'ഞാൻ കാത്തിരിക്കു'മെന്ന് അവൾ പറഞ്ഞപ്പോൾ അയാൾ മൂളി. അതൊരു പ്രത്യാശയുടെ തുടക്കമായിരുന്നു. മനസ്സിൽ ഒരു പരിവർത്തനം നടക്കുന്നതിൻെറ ആരംഭം. അയാൾ മരണത്തെ ആശ്ളേഷിച്ചില്ല. ഏകാകിയായി അലസനായി അലഞ്ഞു തിരിഞ്ഞു. ഒരുകൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും ആ നഗരത്തിൽ എത്തിയിരിക്കുകയാണ്. ആ പെൺകുട്ടി മുന്നിലൂടെ കടന്നുപോയപ്പോൾ അവൾ തന്നെ നോക്കുമെന്ന് അയാൾ വിചാരിച്ചു. വീണ്ടും ആ 'പ്രകാശം പരത്തുന്ന പെൺകുട്ടിയെ' കണ്ടു മുട്ടുമെന്ന് അയാൾ പ്രതീക്ഷിച്ചു.

## 13.6 പദാർത്ഥബോധനം

1. **ഓർമ്മവെച്ച:—** ഓർമ്മയുണ്ടായ. ഇവിടെ 'വെച്ച്' എന്നതിന് വെയ്ക്കുക എന്ന ക്രിയയുടെ അർത്ഥവുമായി നേരിട്ടു ബന്ധമില്ല 'വെച്ച്' പേരെച്ചരൂപം..
2. **മൈതാനം:—** 'മൈദാൻ' എന്ന ഉർദുപദത്തിൽനിന്ന് വന്നത്. 'ദ' കാരം 'ത' കാരമാകുന്നു.
3. **മിന്നിമറയുക:—** മിന്നുക എന്നതിന് പ്രകാശിക്കുക എന്നർത്ഥം. ഒന്നു പ്രകാശിച്ച് അപ്രത്യക്ഷമാകുക എന്നതാണ് മിന്നിമറയലിൻെറ അർത്ഥം. പദത്തിൻെറ അർത്ഥമല്ല, പ്രത്യക്ഷപ്പെടുക എന്ന അർത്ഥമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.
4. **ദാവണി:—** ഉർദുപദത്തിൻെറ തൽസമരൂപം. മേൽമുണ്ട് എന്നർത്ഥം.
5. **കറക്കിക്കൊണ്ടിരുന്നു:—** കറക്കി + കൊണ്ട് + ഇരുന്നു. കറക്കി എന്ന ക്രിയയോട് 'കൊണ്ട്' എന്നും 'ഇരുന്നു' എന്നും അനുപ്രയോഗിക്കുന്നു. കറക്കുക എന്നതിൻെറ നൈരന്തര്യം സൂചിപ്പിക്കുന്നു.
6. **തരപ്പെടുക:—** ലഭിക്കുക എന്നർത്ഥം, തരം എന്ന നാമപദത്തോട് പെടുക അനുപ്രയോഗിക്കുന്നു.

   വരില്ല—വരിക + ഇല്ല വരികയില്ല. അതിൻെറ ലുപ്തരൂപം

7. **തീർച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു:**— തീർച്ച + പെടുത്തി + കഴിഞ്ഞ് + ഇരുന്നു.
തീരുമാനമാകുക എന്നർത്ഥം. കഴിഞ്ഞ്, ഇരുന്നു, ഇരുന്ന എന്ന രണ്ടു ക്രിയകഠം അതിനോട് അനുപ്രയോഗിച്ചിരിക്കുന്നു. തീർച്ചപ്പെടുത്തുകയുടെ പ്രവൃത്തി പൂർണ്ണമായും നടന്നുകഴിഞ്ഞു എന്നു അർത്ഥമാക്കുന്നു.

8. **പിന്നാലെ മുന്നാലെ:**— ഈ പദങ്ങഠം ക്രിയാവിശേഷണങ്ങളാണ്. പിൻ, മുൻ ഇവയിൽ നിന്നുണ്ടാകുന്നു.

9. **അസ്സലായെന്ന്:**— അസ്സൽ എന്ന ഉർദുപദത്തിൽനിന്ന് ഉണ്ടായതാണിത്. അസ്സൽ + ആയി + എന്ന് — അസ്സലായെന്ന്. സത്യമായി, നന്നായി എന്നർത്ഥം.

10. **എന്നെപ്പററി:**— എൻ എന്ന സർവ്വനാമത്തിൻെറ പ്രതിഗ്രാഹികാരൂപമാണ് 'എന്നെ.' അതിനോട് 'പററി' എന്ന് ചേർത്തിരിക്കുന്നു. പററുക എന്ന ക്രിയയുടെ അർത്ഥം അല്ല, സൂചിപ്പിച്ച് എന്നേ അർത്ഥമുള്ളൂ.

11. **സുസ്ഥിതി:**— സുപ്രധാനം, സുസ്ഥിതി എന്നിടത്തൊക്കെ 'സു' എന്ന ഉപസർഗ്ഗം ചേർത്തിരിക്കുന്നു. 'സു' വിന് നല്ല എന്നർത്ഥം.

### പുരോഗതി സ്വയം പരിശോധിക്കുക—2

1. 'ചെറുകഥ' യെ നിർവചിക്കുക.
2. ചെറുകഥ നോവലിൽനിന്നും വ്യത്യസ്തമാകുന്നതെന്തുകൊണ്ട്?
3. ബാഹ്യമായ സംഭവവർണ്ണനകളിൽ പദ്മനാഭന് താല്പര്യമുണ്ടോ?
4. എന്താണ് പദ്മനാഭൻെറ കഥയുടെ സവിശേഷത?
5. പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി എന്ന കഥയുടെ പ്രത്യേകതയെന്താണ്?
6. നീ പൊയ്ക്കളയരുതേ! ആര്?
7. അങ്ങനെ വേണമല്ലേ? എങ്ങനെ?
8. ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ട്?
9. സിനിമ അവസാനിച്ചപ്പോഠം അവഠം പറഞ്ഞു. എന്ത്?
10. അടുത്ത നിമിഷം ഞാൻ ഓർമ്മിച്ചു. എന്ത്?

## 13.8 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

1. ചെറുകഥയേയും നോവലിനേയും
2. ചെറുകഥയും നോവലും ഉഠംക്കൊള്ളുന്ന കഥാസാഹിത്യം.
3. ബാണഭട്ടൻ, ദണ്ഡി, ഗുണാഡ്ധ്യൻ.
4. കൃതി പ്രതിഭാസമ്പന്നനായ എഴുത്തുകാരൻെറ ആത്മാവിഷ്കാരമാകുമ്പോഠം
5. മനുഷ്യൻെറ കഥാശ്രവണത്തിനുള്ള ആദിമവാസനയെ പരമാവധി ചൂഷണം ചെയ്ത് ഒരു വ്യക്തിയുടെ കേവലമായ അനുഭവത്തെ ഗദ്യത്തിലുള്ള വാങ്മയചിത്രവും, സംവേദനക്ഷമമായ ഒരു മാദ്ധ്യവുമാക്കി മാററുമ്പോഠം.
6. ഒരു വ്യക്തിയുടേയോ, സമൂഹത്തിൻെറയോ ജീവിതാനുഭവങ്ങഠം വിശാലമായ സാമൂഹ്യപശ്ചാത്തലത്തിൽ നാനാ ഭാവസമഞ്ജസമായി വ്യക്തിമനസ്സിലൂടെയോ, സ്മൃതികളിലൂടെയോ, സംഭവപരമ്പരകളുടെ വിവരണത്തിലൂടെയോ ഗദ്യഭാഷയിൽ ആവിഷ്കരിക്കുമ്പോഠം.
7. 'കേസരി' എന്ന പ്രസിദ്ധപത്രികയുടെ സമ്പാദകനും, നിരൂപകനും, ആധുനികമലയാളസാഹിത്യത്തിൻെറ ആചാര്യനുമാകുന്നു.
8. പാത്രസൃഷ്ടികൊണ്ട്.
9. റിയലിസ്ററുകഠം അഥവാ യഥാർത്ഥവാദികഠം

10. ഇല്ല.

2) 1. ജീവിതത്തിലെ സംഭവത്തിൻെറയോ, രംഗത്തിൻേറയോ, ഭാവത്തിൻെറയോ ഗദ്യത്തിലുള്ള ഒരു ചിത്രമാണ് ചെറുകഥ.

2. ഏകാഗ്രതകൊണ്ട്.

3. ഇല്ല.

4. പദ്മനാഭൻെറ കഥകൾ പലപ്പോഴും റിയലിസത്തിൽനിന്നും പൊയററിക് റിയലിസത്തിലേയ്ക്ക് ഉയരുന്നു.

5. എഴുത്തുകാരൻ വസ്തുനിഷ്ഠങ്ങളായ യാഥാർത്ഥ്യങ്ങളെ ചിത്രീകരിച്ച് കർത്തൃനിഷ്ഠങ്ങളായ വസ്തുതകളെ സ്ഫുടീകരിക്കുന്നു എന്നതാണ്.

6. പ്രകാശം പരത്തുന്ന പെൺകുട്ടി.

7. അക്രമിയ്ക്ക് ശിക്ഷ കിട്ടണം.

8. മരിക്കാൻ തീരുമാനിച്ചിരിക്കുന്ന തനിക്കാണ് സിനിമകണ്ട് രസിക്കുകയും, ചോക്ലേററ് നുണയുകയും ചെയ്യുന്ന പെൺകുട്ടി ചോക്ലേററ് സല്കരിക്കുന്നതെന്നോർത്തപ്പോൾ.

9. ഇപ്പോഴൊന്നും തീരണ്ടായിരുന്നു.

10. ആ കുട്ടി സ്വയം സന്തോഷിക്കുകയും മററുള്ളവർ സന്തോഷിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവളാണ്.